16
2026
ജൂലൈ
വ്യാഴം
മിഥുനം 32

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 141 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-141 | പേജ് 4, വില 2.00 രൂപ




02 'ഓപ്പറേഷൻ തൂഫാൻ' ചർച്ചയ്ക്കായി രമേശ് ചെന്നിത്തല ചെന്നൈയിൽ
03 വേദനയോടെ മടക്കം തലയുയർത്തിത്തന്നെ
04 മൂന്ന് കോടി നൽകിയാൽ മന്ത്രിപദം; എംഎൽഎയ്ക്ക് വ്യാജ സന്ദേശം

# ഫയൽനീക്കം വേഗത്തിലാകാൻ ഡേറ്റാ ഡ്രിവൺ ഭരണം



തിരുവനന്തപുരം : ഫയൽനീക്കം വേഗത്തിലാകാൻ ഡേറ്റാ ഡ്രിവൺ ഭരണത്തിലേക്കു നീങ്ങുകയാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. വിവിധ വകുപ്പുകളിലെ ഫയൽനീക്കം സംബന്ധിച്ച് അറിയാൻ പുതിയ സംവിധാനം നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തുടനീളം നടക്കുന്ന വിവിധ പദ്ധതികളുടെ തൽസ്ഥിതി അറിയാനുള്ള പ്രോജക്ട് മാപ്പിങ് സംവിധാനവും ഏർപ്പെടുത്തും. പദ്ധതി നടത്തിപ്പു വൈകുന്നതു മൂലം കോടിക്കണക്കിനു രൂപയാണ് സംസ്ഥാനത്തിനു നഷ്ടമാകുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

വിഴിഞ്ഞം ഓഹരി കൈമാറ്റത്തിൽ സംസ്ഥാന താൽപര്യം ഹനിക്കുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. കൺസഷൻ കരാർ ഭേദഗതി ചെയ്ത് അഞ്ചു വർഷത്തേക്കു നീട്ടിക്കൊടുത്തത് ഇടതു സർക്കാരാണ്. പദ്ധതി വൈകിയതിനു അദാനി പോർട്ട് സർക്കാരിനു നൽകേണ്ട 219 കോടി പിഴ മുൻസർക്കാർ ഒഴിവാക്കികൊടുത്തു. എന്നിട്ടാണ് ഈ സർക്കാരിനെ അധിക്ഷേപിക്കുന്നത്. തുടർനടപടികൾ എംപവേഡ് കമ്മിറ്റി പരിശോധിച്ച ശേഷം തീരുമാനിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. 37 വർഷമായി മൂകാംബിക ക്ഷേത്രത്തിൽ പോകുന്നതാണെന്നും അതുകൊണ്ടു മൃദുഹിന്ദുത്വവാദിയാണെന്നു പറയുന്നത് അടിസ്ഥാനരഹിതമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

അതിവേഗ റെയിൽപാതയുമായി ബന്ധപ്പെട്ട് ഡൽഹി മെട്രോ റെയിൽ കോർപറേഷൻ സമർപ്പിച്ച റിപ്പോർട്ട് പൂർണമല്ലെന്നാണ് വിദഗ്ധ സമിതി അറിയിച്ചിരിക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. സാമ്പത്തികമായ സാധ്യത സംബന്ധിച്ചും പാരിസ്ഥിതികമായും ഒരു തരത്തിലുള്ള പഠനവും നടത്താത്തതിനാൽ ഈ രൂപത്തിൽ പദ്ധതി ഏറ്റെടുക്കാൻ കഴിയില്ല. ആദ്യഘട്ടത്തിൽ ഭൂതല നിർമാണവുമായി ബന്ധപ്പെട്ട ഒരു കാര്യങ്ങളും നടപ്പാക്കരുതെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ചരക്കു ഗതാഗത സാധ്യത, ബദൽ മാർഗങ്ങൾ, ഭൂമി ലഭ്യത തുടങ്ങിയ കാര്യങ്ങൾ പഠിക്കണമെന്നും അതിനു ശേഷം മാത്രമേ ഡിപിആർ തയാറാക്കാൻ പാടുള്ളുവെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ സമർപ്പിച്ചിരിക്കുന്നത് മികച്ച സാമ്പത്തിക മോഡൽ അല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. 2027 ലെ പത്മപുരസ്കാരങ്ങൾക്കുള്ള നാമനിർദേശം കേന്ദ്രസർക്കാരിനു സമർപ്പിക്കാനും മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. സർക്കാർ പ്ലീഡർമാരുടെ നിയമനത്തിലെ വിവാദങ്ങൾ മുഖ്യമന്ത്രി തള്ളി. ഇന്ത്യൻ ലോയോഴ്സ് കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയാണ് നിയമനത്തിനായി ശുപാർശ നൽകിയത്. വിവാദത്തിൽ പെട്ട രണ്ടു പേരുടെ പേരും പട്ടികയിലുണ്ട്. പട്ടികയിലുള്ളവരുടെ പശ്ചാത്തലം കൂടി പരിശോധിച്ച് എജിയുമായി ചർച്ച ചെയ്താണ് നിയമനം നടത്തിയതെന്നും മുഖ്യമന്ത്രി പറഞ്ഞു.



# 'തീരജ്വാല' മുഖ്യമന്ത്രിക്ക് നിവേദനങ്ങൾ നല്കി

തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ പ്രധാനപ്പെട്ട മൂന്നു പ്രശ്നങ്ങൾ മുഖ്യമന്ത്രി വി ഡി സതീശന്റെ മുന്നിൽ തീരജ്വാല അംഗങ്ങൾ വിശദീകരിച്ചു. ലത്തീൻ കത്തോലിക്ക മുക്കുവ സംവരണം അട്ടിമറിക്കുവാൻ 1947 എന്ന വർഷം എടുത്തു മാറ്റിക്കൊണ്ട് കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് ധൃതിപിടിച്ച് ഇറക്കിയ ജിയോ ഉൾപ്പെടെ സർക്കാർ ഇതുവരെ ഇറക്കിയ എല്ലാ ജി ഒ കളും പിൻവലിക്കണമെന്നും, 4% ലത്തീൻ കത്തോലിക്ക മുക്കുവ, അഞ്ചുറ്റിക്കാർക്ക് മാത്രമായി ഉണ്ടായിരുന്ന സംവരണം അതേപടി നിജപ്പെടുത്തണമെന്നും, വിഴിഞ്ഞത്തെ ഒരു കിലോമീറ്റർ തുരങ്കപാത ജനവാസമേഖലയിൽ നിന്നും മാറ്റി പഴയ അലൈൻമെൻറ് അനുസരിച്ച് വയൽവഴി പു:നക്രമീകരിക്കണമെന്നും, വിഴിഞ്ഞം പോർട്ടിലെ രൂപതാ അതിജീവന സമരവുമായി ബന്ധപ്പെട്ട് എടുത്ത കേസുകൾ മാനുഷീക പരിഗണന നല്കി പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് തീരജ്വാല അംഗങ്ങൾ മുഖ്യമന്ത്രിക്ക് നിവേദനങ്ങൾ നല്കി. ഈ മൂന്നു പ്രശ്നങ്ങളും വളരെ അടിയന്തരമായി പരിഹരിക്കുവാൻ മുൻകൈ എടുക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നല്കി.

ചെയർമാൻ അഡോൾഫ് ജറോം, ജനറൽ സെക്രട്ടറി ഡോ. ഫ്രാൻസിസ് ആൽബർട്ട് , വൈസ് ചെയർമാന്മാരായ ജെയിംസ് റോക്കി, ലീല എം, അഡ്വ ലെഡ്ഗർ ബാവ, ജോ. സെക്രട്ടറിമാരായ ദേവപ്രസാദ് ജോൺ, ഹെൻട്രി വിൻസെന്റ്, ടീന എം, എക്സിക്യൂട്ടീവ് അംഗങ്ങളായ പെട്രീഷ്യ ജോസഫ്, ജോൺ ബോസ്കോ, ലെജിതാൾ, വില്യം ലാൻസി, ആൻഡ്രു എഡിസൺ, തങ്കച്ചൻ ഡിക്രൂസ്, ആന്റണി ഗൊൺസാൽവസ് എന്നിവർ സന്നിഹിതരായിരുന്നു.

# ഇ. ശ്രീധരൻറെ റിപ്പോർട്ട് അപൂർണമെന്ന് വിദഗ്ധ സമിതി; സർക്കാർ വീണ്ടും പഠനം നടത്തുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് മെട്രോമാൻ ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ട് അപൂർണ്ണമാണെ് വിദഗ്ധ സമിതി അറിയിച്ചതായി മുഖ്യമന്ത്രി വി.ഡി. സതീശൻ. ഇപ്പോഴത്തെ രൂപത്തിൽ പദ്ധതി നടപ്പാക്കരുതെന്ന് വിദഗ്ധ സമിതി നിർദേശിച്ചതായും പദ്ധതിയെക്കുറിച്ച് സർക്കാർ വീണ്ടും പഠനം നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയെക്കുറിച്ച് പഠിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. മുമ്പ് കെറെയിൽ പദ്ധതിയിൽ സംഭവിച്ച അബദ്ധങ്ങൾ ആവർത്തിക്കാൻ പാടില്ലെന്ന നിലപാടിലാണ് സർക്കാർ.

അതിവേഗ റെയിൽ പദ്ധതിയിൽ സർക്കാർ വീണ്ടും വിശദമായ പഠനം നടത്തും. ഇതിനായി ഭൂമി ലഭ്യത അടക്കമുള്ള പ്രായോഗിക വശങ്ങൾ വരുംദിവസങ്ങളിൽ പരിശോധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ സർക്കാർ പദ്ധതികളുടെ കൃത്യമായ നടത്തിപ്പിനായി പ്രത്യേക പ്രോട്ടോക്കോൾ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. പദ്ധതി നടത്തിപ്പ് വേഗത്തിലാക്കാൻ മാപ്പിംഗ് സംവിധാനം ഏർപ്പെടുത്തുമെന്നും ഇനിമുതൽ പദ്ധതികളിൽ കാലതാമസം ഉണ്ടാകില്ലെന്നും മുഖ്യമന്ത്രി അറിയിച്ചു.

# പൊന്നാനി പീഡനക്കേസ്: എഫ്ഐആർ രജിസ്റ്റർ ചെയ്യാത്തത് ഗുരുതര വീഴ്ച, രൂക്ഷ വിമർശനവുമായി ഹൈക്കോടതി

കൊച്ചി: ഉന്നത പൊലീസ് ഉദ്യോഗസ്ഥർ പ്രതിയായ പൊന്നാനി പീഡനക്കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാത്തതിൽ രൂക്ഷ വിമർശനവുമായി ഹൈക്കോടതി.

കേസെടുക്കാൻ മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടിട്ടും നടപടി വൈകുന്നതിനാലാണ് ഹൈക്കോടതിയുടെ വിമർശനം. കേസ് രജിസ്റ്റർ ചെയ്യാത്തത് സമൂഹത്തിൽ അരാജകത്വത്തിന് വഴിയൊരുക്കുമെന്ന് കോടതി കുറ്റപ്പെടുത്തി. കേസെടുത്ത് അന്വേഷിക്കണമെന്ന മജിസ്ട്രേറ്റ് കോടതിയിലെ നടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് പ്രതികളായ മലപ്പുറം മുൻ എസ്പി സുജിത് ദാസ്, ഡിവൈഎസ്പി വി. വി. ബെന്നി, സിഐ വിനോദ് എന്നിവർ നൽകിയ ഹർജിയിലാണ് വിമർശനം.

2022 ജനുവരിയിലാണ് പൊന്നാനി സ്വദേശിയായ യുവതി ലൈംഗികാതിക്രമത്തിന് ഇരയാകുന്നത്. നീതി തേടി ഉന്നത പൊലീസ് ഉദ്യോഗസ്ഥരെ സമീപിച്ചപ്പോഴായിരുന്നു ദുരനുഭവം. ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കാൻ ഈ മാസം ഒമ്പതിന് പൊന്നാനി മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടിരുന്നു.

എന്നാൽ പതിനഞ്ചാം തീയതിയായിട്ടും എന്തുകൊണ്ട് എഫ്ഐആർ രജിസ്റ്റർ ചെയ്തില്ലെന്ന് ഹൈക്കോടതി സർക്കാരിനോട് ചോദിച്ചു. നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണെന്നും ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട കേസാണെങ്കിലും നടപടിക്രമങ്ങൾ പാലിക്കാൻ പോലീസ് ബാധ്യസ്ഥരാണെന്നും കോടതി വ്യക്തമാക്കി.

# ലഹരിക്കെതിരെ കൈകോർത്ത് വിജയ്യും മോഹൻലാലും; 'ഓപ്പറേഷൻ തൂഫാൻ' പരിപാടി കൊച്ചിയിൽ

കൊച്ചി: ലഹരിവിരുദ്ധ പോരാട്ടത്തിൽ തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ് കേരള സർക്കാരിനൊപ്പം കൈകോർക്കുന്നു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'ഓപ്പറേഷൻ തൂഫാൻ' എന്ന ലഹരിവിരുദ്ധ പദ്ധതിക്ക് പൂർണ പിന്തുണ പ്രഖ്യാപിച്ചാണ് അദ്ദേഹം കേരളത്തിലെത്തുന്നത്. കൊച്ചിയിൽ നടക്കുന്ന പ്രത്യേക പരിപാടിയിൽ കേരളത്തിൻറെ ലഹരിവിരുദ്ധ ബ്രാൻഡ് അംബാസഡറായ നടൻ മോഹൻലാലിനൊപ്പമാകും വിജയ് പങ്കെടുക്കുക.

ചെന്നൈയിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഇക്കാര്യം അറിയിച്ചത്. തമിഴ്നാട് മുഖ്യമന്ത്രിയുമായി അരമണിക്കൂറിലേറെ നീണ്ട ചർച്ചകൾ നടത്തിയിരുന്നുവെന്നും, ഓപ്പറേഷൻ തൂഫാൻ പദ്ധതിക്ക് അദ്ദേഹം പൂർണ പിന്തുണ ഉറപ്പുനൽകിയെന്നും മന്ത്രി വ്യക്തമാക്കി. കേരള മുഖ്യമന്ത്രി വി. ഡി. സതീശൻ കൂടി പങ്കെടുക്കുന്ന രീതിയിൽ എറണാകുളത്ത് വലിയൊരു പൊതുപരിപാടി സംഘടിപ്പിക്കാനാണ് ആഭ്യന്തര വകുപ്പിൻറെ തീരുമാനം. ലഹരിക്കെതിരായ ഈ വലിയ പോരാട്ടത്തിൽ കേരളത്തോടൊപ്പം കൈകോർക്കാൻ സന്നദ്ധനായ തമിഴ്നാട് മുഖ്യമന്ത്രിക്ക് ആഭ്യന്തര മന്ത്രി പ്രത്യേകം നന്ദി രേഖപ്പെടുത്തി.

# അൻസിബയുടെ പരാതി: ടിനി ടോമിന് മുൻകൂർ ജാമ്യം

കൊച്ചി: അൻസിബ ഹസൻറെ പരാതിയിൽ നടൻ ടിനി ടോമിന് മുൻകൂർ ജാമ്യം. എറണാകുളം സെഷൻസ് കോടതിയാണ് കർശന ഉപാധികളോടെ ജാമ്യം അനുവദിച്ചത്. അൻസിബയുടെ പരാതിയിൽ കോടതി നിർദേശത്തെ തുടർന്നാണ് കടവന്ത്ര പോലീസ് ടിനി ടോമിനെതിരെ കേസെടുത്തത്.

സ്ത്രീത്വത്തെ അപമാനിക്കൽ, ലൈംഗികച്ചുവയുള്ള പരാമർശങ്ങൾ, മതം പറഞ്ഞ് അധിക്ഷേപിക്കൽ, ഗൂഢാലോചന ഉൾപ്പെടെ ഗുരുതരമായ വകുപ്പുകൾ ചുമത്തിയാണ് ടിനി ടോമിനെതിരെ കേസ് എടുത്തത്.

അമ്മ സംഘടനയുടെ മീറ്റിംഗുകളിലും റിഹേഴ്സൽ ക്യാമ്പുകളിലുംവച്ച് ടിനി ടോം തനിക്കെതിരെ അശ്ലീല പരാമർശങ്ങളും ലൈംഗികച്ചുവയുള്ള അധിക്ഷേപങ്ങളും നടത്തിയെന്നാണ് അൻസിബയുടെ പരാതിയിൽ പറയുന്നത്.

'ജിഹാദി' എന്നും 'മതതീവ്രവാദി' എന്നും നടിയെ വിളിച്ച് ആക്ഷേപിച്ചതായും നടൻറെ ഡ്രൈവറെ മതം മാറ്റാൻ അൻസിബ ശ്രമിച്ചുവെന്ന തരത്തിൽ വ്യാജ പ്രചാരണം നടത്തിയതായും പരാതിയിലുണ്ട്.

നേരത്തെ കേസിൽ പ്രാഥമിക അന്വേഷണം നടത്തിയ കടവന്ത്ര പോലീസ് പരാതി കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലുള്ളതാണെന്നും പരാതിയിൽ കഴമ്പില്ലാത്തതിനാൽ കേസ് എടുക്കാൻ കഴിയില്ലെന്നും കാണിച്ച് കോടതിയിൽ റിപ്പോർട്ട് നൽകിയിരുന്നു.

ഇത് പൂർണമായും തള്ളിക്കൊണ്ടാണ് കേസ് രജിസ്റ്റർ ചെയ്യാൻ കോടതി ഉത്തരവിട്ടത്. നടി നീന കുറുപ്പ് അടക്കമുള്ള സാക്ഷികൾ ടിനി ടോം അധിക്ഷേപിച്ചതായി കൃത്യമായി മൊഴി നൽകിയിട്ടും എന്തുകൊണ്ടാണ് എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ വൈകിയതെന്ന് കോടതി ചോദിച്ചിരുന്നു.

# വഖഫ് ബോർഡിന് തിരിച്ചടി; പ്രവർത്തനം താൽക്കാലികമായി മരവിപ്പിച്ച് ഹൈക്കോടതി

കൊച്ചി: സംസ്ഥാന വഖഫ് ബോർഡിൻറെ പ്രവർത്തനം ഹൈക്കോടതി താൽക്കാലികമായി മരവിപ്പിച്ചു. ബോർഡ് പ്രവർത്തനങ്ങൾക്കെതിരെ നൽകിയ വിവിധ ഹർജികൾ പരിഗണിച്ചു കൊണ്ടാണ് അടുത്ത ബുധനാഴ്ച വരെ വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ കോടതി മരവിപ്പിച്ചിരിക്കുന്നത്.

വഖഫ് ബോർഡ് നിർണായക തീരുമാനങ്ങൾ എടുക്കരുതെന്നും വലിയ സാമ്പത്തിക ചെലവുകൾ പാടില്ലെന്നും കോടതി നിർദേശിച്ചു. കേസ് ഒരാഴ്ചയ്ക്ക് ശേഷം വീണ്ടും പരിഗണിക്കുമെന്ന് കോടതി അറിയിച്ചു. അതുവരെ വഖഫ് ബോർഡിന്റെ ഭരണപരമായ ചുമതല വഖഫ് വകുപ്പ് കൈകാര്യം ചെയ്യുന്ന വകുപ്പ് ജോയിന്റ് സെക്രട്ടറിയായിരിക്കും നിർവഹിക്കുക.

വഖഫ് ബോർഡിൽ മുസ്ലിം ഇതര വിഭാഗങ്ങളിൽ നിന്നുള്ള രണ്ട് അംഗങ്ങൾ വേണമെന്ന നിയമപരമായ വ്യവസ്ഥ ലംഘിക്കപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടിയാണ് ബിജെപി നേതാവ് ഷോൺ ജോർജ് ഹർജി സമർപ്പിച്ചത്. മുനമ്പം ഭൂമി വഖഫ് പോർട്ടലിൽ രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട അപാകതകളും നടപടിക്രമങ്ങളിലെ വീഴ്ചകളും ഉന്നയിച്ചാണ് ക്രൈസ്തവ സഭകളുടെ കൂട്ടായ്മയായ ആക്ട്സ് ഹൈക്കോടതിയെ സമീപിച്ചത്.



# എഡിജിപിക്കെതിരായ നടപടി; മാധ്യമങ്ങളെ പഴിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: ആലപ്പുഴയിൽ നവകേരള സദസിനിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ഗൺമാൻമാർ മർദിച്ച കേസ് അട്ടിമറിക്കാൻ എഡിജിപി ശ്രമിച്ചെന്ന വിവാദത്തിൽ സാങ്കേതിക വാദങ്ങളുമായി മുഖ്യമന്ത്രി വി.ഡി.സതീശൻ. കേസിൽ എസ്ഐടിഅന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകിയിട്ടും എഡിജിപി എം.ആർ.അജിത്കുമാറിനെതിരേ നടപടിയുണ്ടാകാത്തതിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു മുഖ്യമന്ത്രി.

നടപടികൾ പൂർത്തിയാകുമ്പോൾ മാധ്യമങ്ങൾ അറിഞ്ഞാൽ മതിയെന്ന് മുഖ്യമന്ത്രി തുറന്നടിച്ചു. പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ട് നിലവിൽ സംസ്ഥാന പോലീസ് മേധാവിയുടെ പരിഗണനയിലാണെന്നാണ് മുഖ്യമന്ത്രി നൽകിയ വിശദീകരണം.

ആഭ്യന്തരമന്ത്രിക്കോ മുഖ്യമന്ത്രിയുടെ ഓഫീസിനോ റിപ്പോർട്ട് ഇതുവരെ ഔദ്യോഗികമായി ലഭിച്ചിട്ടില്ല. കൈയിൽ കിട്ടാത്ത റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ആഭ്യന്തരവകുപ്പിന് നടപടിയെടുക്കാൻ കഴിയില്ലെന്നും മുഖ്യമന്ത്രി ന്യായീകരിച്ചു.

കേസിൽ പല കാരണങ്ങൾ കൊണ്ടും പലർക്കും പലതരത്തിലുള്ള ധൃതിയും താൽപ്പര്യങ്ങളും ഉണ്ടാകാമെന്നും, എന്നാൽ കൃത്യമായ നിയമപരവും ഭരണപരവുമായ നടപടിക്രമങ്ങൾ പാലിച്ചേ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയൂ എന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കുറ്റക്കാർക്കെതിരെ നടപടിയെടുക്കേണ്ടത് മാധ്യമങ്ങളല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### അഭിമുഖം ജൂലൈ16ന്

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ), ട്രേഡ് ഇൻസ്ട്രക്ടർ (ഇലക്ട്രോപ്ലേറ്റിങ്), ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) എന്നിവയിൽ ഓരോ ഒഴിവ് ഉണ്ട്. ഈ ഒഴിവുകളിലേക്ക് ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിനായുള്ള അഭിമുഖം ജൂലൈ 16ന് വ്യാഴാഴ്ച രാവിലെ 10 മണിക്ക് സ്കൂളിൽ നടക്കും. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ, അവയുടെ പകർപ്പുകൾ എന്നിവ സഹിതം യഥാസമയം അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0472 2812686

# ബ്രിട്ടനിൽ തൂക്കിലേറ്റപ്പെട്ട അവസാന വനിത റൂത്ത് എല്ലിസിന് 71 വർഷത്തിനുശേഷം രാജകീയ മാപ്പ്

ലണ്ടൻ: ബ്രിട്ടനിൽ വധശിക്ഷയ്ക്ക് വിധേയയാക്കപ്പെട്ട അവസാനത്തെ വനിത റൂത്ത് എല്ലിസിന് 71 വർഷത്തിനുശേഷം ചാൾസ് രാജാവിൻ്റെ മരണാനന്തര മാപ്പ്. സ്വന്തം കാമുകനെ വെടിവച്ചുകൊന്ന കേസിൽ 1955 ജൂലൈ 13ന് തൂക്കിലേറ്റപ്പെട്ട റൂത്തിന് അന്നു നേരിടേണ്ടിവന്ന ഗുരുതരമായ നീതികേട് തിരുത്തിക്കൊണ്ടാണു ചരിത്രപരമായ നടപടി. ബ്രിട്ടീഷ് ഉപപ്രധാനമന്ത്രിയും നീതിന്യായ സെക്രട്ടറിയുമായ ഡേവിഡ് ലാമിയാണ് പാർലമെൻ്റിൽ പ്രഖ്യാപനം നടത്തിയത്.

28ാം വയസിലാണ് റൂത്ത് എല്ലിസ് ലണ്ടനിലെ ഹോളോവേ ജയിലിൽ വധശിക്ഷയ്ക്ക് ഇരയായത്. 1955 ജൂണിൽ ലണ്ടനിലെ ഓൾഡ് ബെയ്‌ലി കോടതിയിൽ നടന്ന വിചാരണയിൽ വെറും ഇരുപതു മിനിറ്റ് കൊണ്ടാണ് റൂത്ത് കുറ്റക്കാരിയാണെന്ന് ജൂറി വിധിച്ചത്. കൊലപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയാണ് താൻ വെടിയുതിർത്തതെന്ന് റൂത്ത് കോടതിയിൽ സമ്മതിച്ചിരുന്നു. ഇത് പ്രോസിക്യൂഷൻ്റെ ജോലി എളുപ്പമാക്കിയെങ്കിലും, റൂത്ത് നേരിട്ട ക്രൂരമായ ഗാർഹിക പീഡനങ്ങളും മാനസിക അതിക്രമങ്ങളും അന്ന് കോടതി ഒട്ടും പരിഗണിച്ചില്ല.

1926 ഒക്ടോബർ ഒൻപതിന് വെയ്ൽസിലാണ് റൂത്ത് ജനിക്കുന്നത്. ഇംഗ്ലീഷുകാരനാണ് റൂത്തിൻ്റെ അച്ഛൻ, അമ്മ ബെൽജിയം സ്വദേശിനിയും. പതിനാലാം വയസിൽ പഠനം ഉപേക്ഷിച്ച റൂത്ത് ബാറിലും നൈറ്റ് ക്ലബിലും ജോലിചെയ്തു. 1941ൽ റൂത്തും കുടുംബവും ലണ്ടൻ നഗരത്തിലേക്കു താമസം മാറ്റി. നൈറ്റ് ക്ലബ്ബ് മാനേജർ ആയി പ്രവർത്തിക്കുന്പോഴാണ് റൂത്ത് എല്ലിസും ഡേവിഡ് ബ്ലെയ്ക്കിലിയും പരിചയപ്പെടുന്നത്. പിന്നീട് ഇരുവരും ഒന്നിച്ചുതാമസമാരംഭിച്ചു. റേസിംഗ് ഡ്രൈവറായ കാമുകൻ ബ്ലെയ്ക്കിലിയിൽനിന്നു നിരന്തരമായ ശാരീരിക ഉപദ്രവങ്ങളാണ് റൂത്തിനു നേരിടേണ്ടിവന്നത്. ക്രൂരമർദനം കാരണം റൂത്തിന് തൻ്റെ ഗർഭസ്ഥശിശുവിനെ നഷ്ടപ്പെടുന്ന അവസ്ഥവരെയുണ്ടായി. ഈ സംഭവത്തിന് പത്തു ദിവസങ്ങൾക്കു ശേഷം, ലണ്ടനിലെ ഹാംപ്സ്റ്റെഡിലുള്ള മദ്യശാലയ്ക്കു മുന്നിൽവച്ച് ബ്ലെയ്ക്കിലിക്കു നേരേ വെടിയുതിർക്കുകയായിരുന്നു. തുടർന്ന്, അവർ പോലീസിനു കീഴടങ്ങുകയും ചെയ്തു.

അക്കാലത്തെ നിയമവ്യവസ്ഥയും സമൂഹവും സ്ത്രീസുരക്ഷ, ഗാർഹികപീഡനം തുടങ്ങിയവ മനസിലാക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് ഡേവിഡ് ലാമി വ്യക്തമാക്കി. റൂത്ത് അനുഭവിച്ച ക്രൂരതകൾ പരിഗണിച്ചിരുന്നുവെങ്കിൽ അന്ന് വധശിക്ഷയ്ക്ക് പകരം കേസ് മനഃപൂർവമല്ലാത്ത നരഹത്യയായി ചുരുക്കാമായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റൂത്തിൻ്റെ കൊച്ചുമക്കൾ നടത്തിയ നീണ്ട നിയമപോരാട്ടത്തിനൊടുവിലാണ് ഇപ്പോൾ ചരിത്രപരമായ മാപ്പ് പ്രഖ്യാപനമുണ്ടായത്.

തങ്ങളുടെ മുത്തശിക്ക് ഒടുവിൽ നീതി ലഭിച്ചെന്ന് റൂത്തിൻ്റെ കൊച്ചുമകൾ ലോറ എൻസ്റ്റൺ പ്രതികരിച്ചു. മാപ്പ്, 71 വർഷം മുമ്പ് തകർന്ന ജീവിതങ്ങളെ തിരിച്ചുതരില്ലെങ്കിലും, അന്നത്തെ നീതിന്യായ വ്യവസ്ഥയ്ക്കു സംഭവിച്ച വലിയൊരു വീഴ്ച ഔദ്യോഗികമായി സമ്മതിക്കാൻ കാരണമായെന്ന് ലോറ പറഞ്ഞു.

1964 ഓഗസ്റ്റിലാണ് ബ്രിട്ടനിൽ അവസാനമായി വധശിക്ഷ നടപ്പാക്കിയത്. കുപ്രസിദ്ധ കുറ്റവാളികളായ പീറ്റർ ആൻ്റണി അലൻ, ഗൈനി ഓവൻ ഇവാൻസ് എന്നിവരുടെ വധശിക്ഷയാണ് അവസാനമായി നടപ്പാക്കിയത്. പിന്നീട് 1973ൽ വധശിക്ഷ രാജ്യം പൂർണമായും നിർത്തലാക്കി.

# രക്തസാക്ഷികളുടെ മണ്ണിൽ വ്യക്തിഗത സ്മാരകങ്ങൾ വേണ്ടെന്ന തീരുമാനം മാറ്റി സിപിഎമ്മും സിപിഐയും

ആലപ്പുഴ: പുന്നപ്ര വയലാർ രക്തസാക്ഷികളുടെ സ്മരണകൾ ഉറങ്ങുന്ന ആലപ്പുഴ വലിയ ചുടുകാട്ടിൽ മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനും പുന്നപ്ര വയലാർ സമരനായകൻ ടി.വി. തോമസിനും സ്മാരകങ്ങൾ ഉയരുന്നു.

രക്തസാക്ഷികളുടെ മണ്ണിൽ വ്യക്തിഗത സ്മാരകങ്ങൾ വേണ്ടെന്ന തീരുമാനം മാറ്റിയാണ് സിപിഎമ്മിൻ്റെയും സിപിഐയുടെയും സംയുക്ത ഉടമസ്ഥതയുള്ള സ്ഥലത്ത് ഇരു നേതാക്കളുടെയും സ്മാരകങ്ങൾ ഉയരുന്നത്.

വിഎസിനെ അടക്കം ചെയ്തുകഴിഞ്ഞപ്പോൾ, മുഖ്യമന്ത്രിയായിരുന്നതിനാൽ മുൻ തീരുമാനത്തിൽ മാറ്റം വേണമെന്ന് സിപിഎം ആവശ്യപ്പെട്ടു. അങ്ങനെ രണ്ട് പാർട്ടികളും ചേർന്ന് യോഗം നടത്തി. തീരുമാനം മാറ്റുമ്പോൾ പുന്നപ്ര വയലാർ സമരനായകനും സ്മാരകം വേണമെന്ന് സിപിഐ ആവശ്യപ്പെട്ടു. അതനുസരിച്ച് കഴിഞ്ഞ 12 നായിരുന്നു രണ്ടുപേരുടെയും സ്മാരകം നിർമിക്കാൻ അന്തിമ തീരുമാനം എടുത്തത്.

വി.എസിൻ്റെ സ്മാരകത്തിൻ്റെ രൂപരേഖ കൊണ്ടുവന്നത് മകൻ വി.എ. അരുൺകുമാറാണ്. ഇതിൽ സ്മാരകത്തിന് പിന്നിലായി ഒരു മതിൽ ഉൾപ്പെടുത്തിയിരുന്നു. ഈ മതിൽ വന്നാൽ പി.കൃഷ്ണപിള്ള, ടി.വി.തോമസ്, കെ.ആർ.ഗൗരിയമ്മ ഉൾപ്പടെയുള്ളവരെ അടക്കിയ സ്ഥലം കാഴ്ചയിൽ നിന്ന് മറയുമെന്ന ആശങ്ക സിപിഐ മുന്നോട്ട് വച്ചിരുന്നു.

സിപിഐയുടെ നേതൃത്വത്തിൽ നിർമിക്കുന്ന ടി.വി.തോമസ് സ്മാരകം വി.എസ് സ്മാരകത്തിൻ്റെ കാഴ്ച മറയ്ക്കുമെന്ന ആശങ്ക സിപിഎമ്മും ഉയർത്തി. ഒടുവിൽ വി.എസ്. സ്മാരകത്തിൻ്റെ രൂപരേഖയിൽ ഉൾപ്പെടുത്തിയിരുന്ന മതിൽ ഒഴിവാക്കിയും ടി.വി.തോമസിൻ്റെ സ്മാരകത്തിൻ്റെ സ്ഥലം അൽപ്പം നീക്കിയും നിർമാണം നടത്താൻ തീരുമാനിക്കുകയായിരുന്നു.

ആദ്യം രണ്ടു പേരുടെയും സ്മാരകത്തിൻ്റെ ദർശനം വടക്കോട്ട് വയ്ക്കാനായിരുന്നു തീരുമാനം. എന്നാൽ വിഎസിൻ്റെ സ്മാരകത്തിൻ്റെ ദർശനം റോഡിനഭിമുഖമായി കിഴക്കോട്ടായിരിക്കണം എന്ന് ശിൽപികൾ പറഞ്ഞിരുന്നു. അങ്ങനെയെങ്കിൽ ടി.വി. തോമസിൻ്റെയും കിഴക്കോട്ട് ദർശനം വേണമെന്ന് സിപിഐ ആവശ്യപ്പെട്ടു. അതിനനുസരിച്ചാണ് ഇപ്പോൾ നിർമാണം നടക്കുന്നത്.

വി.എസിൻ്റെ മൃതദേഹം സംസ്കരിച്ച സ്ഥലത്താണ് സിപിഎം സ്മാരകം നിർമിക്കുന്നത്. വി.എസ് അനുസ്മരണ ദിനമായ 21ന് പൂർത്തിയാകുന്ന വിധത്തിലാണ് നിർമാണം പുരോഗമിക്കുന്നത്.

ടിവി തോമസിൻ്റെ 50ാം ചരമ വാർഷിക ദിനമായ 2027 മാർച്ച് 26 നുമുൻപ് പൂർത്തിയാകത്തക്ക രീതിയിലോ, ഒക്ടോബർ 27 ന് പുന്നപ്ര വയലാർ രക്തസാക്ഷി വാരാചരണത്തോടനുബന്ധിച്ച് തീരത്തക്ക രീതിയിലോ ആണ് ടി.വി. തോമസിൻ്റെ സ്മാരക നിർമാണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് സിപിഐ ജില്ലാ സെക്രട്ടറി സോളമൻ പറഞ്ഞു. പാർട്ടികമ്മിറ്റി ചേർന്നാണ് ഇതിൽ അന്തിമ തീരുമാനം എടുക്കേണ്ടത്.

### ഡെപ്യൂട്ടേഷൻ നിയമനം

കേരള സർക്കാരിനു കീഴിലുള്ള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമായ കേരള എസ്.സി.ഇ.ആർ.ടിയിലേക്ക് മലയാളം, അറബിക്, ഉർദു, ഹിസ്റ്ററി, റിസർച്ച് ആൻഡ് പബ്ലിക്കേഷൻ, ഇൻ സർവീസ് ടീച്ചർ എഡ്യൂക്കേഷൻ, പ്രി പ്രൈമറി എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിൽ അസിസ്റ്റൻ്റ് പ്രൊഫസർ/ റിസർച്ച് ഓഫീസർ ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി സർക്കാർ സ്കൂളുകൾ, സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രെയിനിംഗ് കോളേജുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഫുൾടൈം അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ വകുപ്പു മേലധികാരികളുടെ നിരാക്ഷേപ പത്രം സഹിതം ജൂലൈ 23ന് മുൻപായി ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 വിലാസത്തിൽ ലഭിക്കണം. അഭിമുഖം നടത്തിയായിരിക്കും നിയമനത്തിനായുള്ളവരെ തെരഞ്ഞെടുക്കുന്നത്. വിശദവിവരങ്ങൾക്ക്: www.scert.kerala.gov.in.

# ഓപ്പറേഷൻ തൂഫാൻ: എംഡിഎംഎയും അളവ് ഉപകരണങ്ങളുമായി യുവാവ് പിടിയിൽ

കൊച്ചി: ഓപ്പറേഷൻ തൂഫാൻ്റെ ഭാഗമായി ഞാറക്കൽ പോലീസും ഡാൻസാഫും സംയുക്തമായി നടത്തിയ റെയ്ഡിൽ പ്രമുഖ രാസ ലഹരി വിൽപ്പനക്കാരൻ പിടിയിൽ. എടവനക്കാട് സെൻ്റ് അംബ്രോസ് പള്ളി റോഡിൽ കൊല്ലംപറമ്പിൽ വീട്ടിൽ ലെനിഷ് ലാലിനെ (33) ആണ് പോലീസ് പിടികൂടിയത്.

ഇയാളുടെ വീട്ടിൽ നിന്നും 0.56 ഗ്രാം എംഡിഎംഎയും തൂക്കി വിൽക്കാനുള്ള ത്രാസ് ഉൾപ്പെടെയുള്ള ഉപകരണങ്ങളും സിപ് ലോക്ക് കവറുകളും പിടികൂടി. ലെനീഷിൻ്റെ കിടപ്പുമുറിയിലെ അലമാരയിൽ തുണികൾക്കിടയിൽ പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുകയായിരുന്ന രാസലഹരിയാണ് പോലീസ് കണ്ടെടുത്തത്.

എടവനക്കാട് മേഖലയിലെ പ്രമുഖ രാസ ലഹരി വിൽപ്പനക്കാരനായ ലെനീഷ് നേരത്തെയും മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസിൽ പ്രതിയായിരുന്നു. വളരെ നാളുകളായി ഇയാൾ വീട് കേന്ദ്രീകരിച്ച് രാസലഹരി വിറ്റു വരികയാണ്. പാതിരാത്രിയിലും ഇവിടെ ഇടപാടുകാർ എത്തി സാധനം വാങ്ങാറുണ്ട്. ഡാൻസാഫ് ടീമിന് ലഭിച്ച വിവരങ്ങൾ അനുസരിച്ച് ആറു മാസത്തോളമായി പ്രതി നിരീക്ഷണത്തിൽ ആയിരുന്നു.

രാസലഹരി മറ്റെവിടെയോ മൊത്തമായി സൂക്ഷിച്ച് ആവശ്യനുസരണം കുറഞ്ഞ അളവിൽ വീട്ടിൽ എത്തിച്ചാണ് വിൽപ്പന നടത്തുന്നത് എന്നാണ് പോലീസ് നിഗമനം. ഇത് അനുസരിച്ച് ചൊവ്വാഴ്ച ഉച്ച മുതൽ രാത്രി ഏറെ വൈകിട്ടും റെയ്ഡ് തുടർന്നെങ്കിലും കൂടുതലായി ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

### താത്കാലിക ഒഴിവ്

കോളേജ് ഓഫ് എൻജിനീയറിങ് ട്രിവാൻഡ്രത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിൻ്റെ പാനലിൽ ഉൾപ്പെടുത്തുന്നതിനായി താൽപര്യമുള്ള വ്യക്തികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസ വേതന അടിസ്ഥാനത്തിൽ താൽകാലികമായാണ് നിയമനം നടത്തുന്നത്. ക്ലിനിക്കൽ സൈക്കോളജിയിൽ എം.എ/എം.എസ്.സി അല്ലെങ്കിൽ ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ അല്ലെങ്കിൽ ആർസിഐ അംഗീകാരമുള്ള കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്നും 2 വർഷത്തെ കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റായി രജിസ്റ്റർ ചെയ്തിരിക്കണം. താൽപ്പര്യമുള്ളവർ ജൂലൈ 22ന് മുൻപ് അപേക്ഷയും ബയോഡേറ്റയും പകർപ്പും principal@cet.ac.in എന്ന ഈമെയിൽ വിലാസത്തിലേക്ക് അയക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.cet.ac.in.

# ടിനി ടോമിന് നിർണായകം; മുൻകൂർ ജാമ്യ ഹർജിയിൽ കോടതി ഇന്ന് വിധി പറയും

കൊച്ചി: നടൻ ടിനി ടോം സമർപ്പിച്ച മുൻകൂർ ജാമ്യ ഹർജിയിൽ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി വിധി പറയും. നടി അൻസിബ ഹസൻ നൽകിയ പരാതിയിൽ എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ നിർദേശത്തെ തുടർന്നാണ് ടിനി ടോമിനെതിരെ കടവന്ത്ര പോലീസ് കേസ് എടുത്തത്.

സ്ത്രീത്വത്തെ അപമാനിക്കൽ, ലൈംഗികച്ചുവയുള്ള പരാമർശങ്ങൾ, മതം പറഞ്ഞ് അധിക്ഷേപിക്കൽ, ഗൂഢാലോചന ഉൾപ്പെടെ ഗുരുതരമായ വകുപ്പുകൾ ചുമത്തിയാണ് ടിനി ടോമിനെതിരെ കേസ് എടുത്തത്.

'അമ്മ' സംഘടനയുടെ മീറ്റിംഗുകളിലും റിഹേഴ്സൽ ക്യാമ്പുകളിലും വെച്ച് ടിനി ടോം തനിക്കെതിരെ അശ്ലീല പരാമർശങ്ങളും ലൈംഗികച്ചുവയുള്ള അധിക്ഷേപങ്ങളും നടത്തിയെന്നാണ് അൻസിബയുടെ പരാതിയിൽ പറയുന്നത്. 'ജിഹാദി' എന്നും 'മതതീവ്രവാദി' എന്നും നടിയെ വിളിച്ച് ആക്ഷേപിച്ചതായും നടൻ്റെ ഡ്രൈവറെ മതം മാറ്റാൻ അൻസിബ ശ്രമിച്ചുവെന്ന തരത്തിൽ വ്യാജ പ്രചാരണം നടത്തിയതായും പരാതിയിലുണ്ട്. നേരത്തെ കേസിൽ പ്രാഥമിക അന്വേഷണം നടത്തിയ കടവന്ത്ര പോലീസ് പരാതി കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലുള്ളതാണെന്നും പരാതിയിൽ കഴമ്പില്ലാത്തതിനാൽ കേസ് എടുക്കാൻ കഴിയില്ലെന്നും കാണിച്ച് കോടതിയിൽ റിപ്പോർട്ട് നൽകിയിരുന്നു.

# 'ഓപ്പറേഷൻ തൂഫാൻ' ചർച്ചയ്ക്കായി രമേശ് ചെന്നിത്തല ചെന്നൈയിൽ

ചെന്നൈ: സംസ്ഥാനത്തെ ലഹരിവിരുദ്ധ പോരാട്ടം കൂടുതൽ ശക്തമാക്കുന്നതിൻ്റെ ഭാഗമായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയിയുമായി കൂടിക്കാഴ്ച നടത്തുന്നു. കേരള സർക്കാർ നടപ്പിലാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ: ദ നാർക്കോ ഹണ്ട്' എന്ന ലഹരിവിരുദ്ധ ദൗത്യത്തിന് തമിഴ്നാടിൻ്റെ പിന്തുണ തേടുകയാണ് കൂടിക്കാഴ്ചയുടെ പ്രധാന ലക്ഷ്യം.

ലഹരി മാഫിയകൾക്കെതിരെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഒറ്റക്കെട്ടായി നീങ്ങേണ്ടതുണ്ടെന്ന് മന്ത്രി രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പറഞ്ഞു. മയക്കുമരുന്ന് മാഫിയയുടെ ശൃംഖലകൾ കണ്ടെത്തുന്നതിനും ഇവരുടെ പ്രവർത്തനം തടയുന്നതിനും ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള ഏകോപനം അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം വ്യക്തമാക്കി. ജൂൺ മാസം ആരംഭിച്ച ഓപ്പറേഷൻ തൂഫാനിലൂടെ കേരളത്തിൽ ആയിരക്കണക്കിന് ആളുകളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്.

പുതിയ സർക്കാരിൻ്റെ പ്രവർത്തനങ്ങളെയും മുഖ്യമന്ത്രി വിജയിയുടെ നേതൃപാടവത്തെയും മന്ത്രി രമേശ് ചെന്നിത്തല പ്രശംസിച്ചു. അഴിമതിരഹിതവും സുതാര്യവുമായ ഭരണമാണ് തമിഴ്നാട്ടിൽ നടക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നേരത്തെ കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാറുമായും രമേശ് ചെന്നിത്തല ഇതേ വിഷയത്തിൽ ചർച്ചകൾ നടത്തിയിരുന്നു. ലഹരി വിപത്തിനെ വേരോടെ പിഴുതെറിയാൻ സംസ്ഥാനങ്ങളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനാണ് കേരള സർക്കാരിൻ്റെ തീരുമാനം.

### ഡോക്ടർ അഭിമുഖം

പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കരാറടിസ്ഥാനത്തിൽ ഡോക്ടറെ നിയമിക്കുന്നു. എം.ബി.ബി.എസ് ആണ് യോഗ്യത. ടി.സി.എം.സി രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. താത്പര്യമുള്ളവർ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ജൂലൈ 16 രാവിലെ 11ന് കണ്ണൂരിലെ ജില്ലാ കളക്ടറേറ്റ് ഹാളിൽ ഹാജരാകണം.

# കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡെപ്യൂട്ടേഷൻ നിയമനം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൻ്റെ പത്തനംതിട്ട, കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിലെ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു.

സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിൽ 51,400–1,10,300 രൂപ ശമ്പള സ്കെയിലിലോ അതിനു താഴെയുള്ള 41,300–87,000 രൂപ ശമ്പള സ്കെയിലിലോ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അപേക്ഷിക്കാം.

ചട്ടപ്രകാരമുള്ള അപേക്ഷകൾ ജൂലൈ 28–ന് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കാഞ്ഞാണി റോഡ്, എസ്.എൻ. പാർക്ക്, പൂത്തോൾ പി.ഒ., തൃശ്ശൂർ – 680004 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487 2386871.

# അടിത്തറ ഉറപ്പിച്ചു, ഇനി പൊളിച്ചുനീക്കൽ; ചെരിഞ്ഞ കെട്ടിടത്തിനു സമീപത്തെ സ്ഥാപനങ്ങളും ഒഴിപ്പിച്ചു

കൊച്ചി: എംജി റോഡിൽ വുഡ്‌ലാൻഡ് ജംഗ്ഷനു സമീപം അടിത്തറ ഉയർത്തുന്നതിനിടെ ചെരിഞ്ഞ ഇരുനിലക്കെട്ടിടം ഇന്ന് പൊളിച്ചു തുടങ്ങും. മേൽക്കൂരയിലെ ഷീറ്റുകളും തിങ്കളാഴ്ച ഇളക്കി മാറ്റിയിരുന്നു. സമീപത്തെ കെട്ടിടത്തെ തട്ടി നിൽക്കുന്ന കെട്ടിട ഭാഗങ്ങളാണ് ആദ്യ ഘട്ടത്തിൽ മുറിച്ചു മാറ്റുന്നത്.

അപകട സാധ്യത മുന്നിൽക്കണ്ട് സമീപത്തെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴിപ്പിച്ചു. ഗ്രാമീൺ ബാങ്കിൻ്റെ എറണാകുളം എംജി റോഡ് ശാഖയും ഭീമ ജ്വല്ലറിയുടെ വെള്ളി ആഭരണശാലയുമാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഗ്രാമീൺ ബാങ്ക് കടവന്ത്രയിലെ ശാഖയിലേക്ക് മാറ്റി. എംജി റോഡ് ശാഖയിലെ ഇടപാടുകാർക്ക് കടവന്ത്ര ശാഖയെ സമീപിക്കാൻ അധികൃതർ അറിയിപ്പ് നൽകിയിട്ടുണ്ട്. അടിത്തറ ബലപ്പെടുത്തുന്ന പണികൾ തിങ്കളാഴ്ച പൂർത്തിയായിരുന്നു. ചെരിഞ്ഞു നിൽക്കുന്ന കെട്ടിടത്തിൻ്റെ അടിത്തറയും മുകൾഭാഗത്തും ഉള്ളിൽ കട്ട കെട്ടിയാണ് ബലപ്പെടുത്തിയത്. ഏഴു മുതൽ പത്തു ദിവസത്തിനകം കെട്ടിടം പൂർണമായും പൊളിച്ചുമാറ്റാനാണ് കോർപറേഷൻ നിർദേശം നൽകിയിട്ടുള്ളത്.

ജൂലൈ ഏഴിന് ആയിരുന്നു അടിത്തറ ഉയർത്തുന്നതിനിടെ ജാക്കി തെന്നിമാറി കെട്ടിടം ചെരിഞ്ഞത്. സ്ഥലം സന്ദർശിച്ച കോർപറേഷൻ ടൗൺ പ്ലാനിംഗ് വിഭാഗം നൽകിയ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ കെട്ടിടം അടിയന്തരമായി പൊളിച്ചുനീക്കാൻ കോർപറേഷൻ ഉടമയ്ക്ക് നോട്ടീസ് നൽകിയിരുന്നു.

# യുഎഇ ടാങ്കറിന് നേരെ ഇറാൻ ആക്രമണം; ഇന്ത്യൻ പൗരൻ കൊല്ലപ്പെട്ടു

ദുബായ്: പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായതിന് പിന്നാലെ ഹോർമുസ് കടലിടുക്കിൽ രണ്ട് യുഎഇ ടാങ്കറുകളിലേക്ക് ഇറാൻ നടത്തിയ ആക്രമണത്തിൽ ഇന്ത്യൻ പൗരൻ കൊല്ലപ്പെടുകയും ഏഴ് പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി റിപ്പോർട്ടുകൾ.

യുഎഇയുടെ ടാങ്കറിന് നേരെയാണ് മിസൈലാക്രമണമുണ്ടായത്. ആറ് ഇന്ത്യക്കാരും രണ്ട് യുക്രെയ്ൻ സ്വദേശികളുമുൾപ്പെടെ എട്ടുപേർക്കാണ് പരിക്കേറ്റതായി റിപ്പോർട്ടുകൾ പുറത്തുവരുന്നത്. ഇവരിൽ നാല് പേരുടെ നില ഗുരുതരമാണ്. ഇറാനിൽ യുഎസ് നടത്തിയ ആക്രമണങ്ങളെ തുടർന്ന് നടത്തിയ പ്രത്യാക്രമണമാണ് യുഎഇയുടെ ടാങ്കറിന് നേരെയുണ്ടായത്. അതേസമയം ഹോർമുസിൽ അമേരിക്ക വീണ്ടും നാവിക ഉപരോധം തുടങ്ങി. ഹോർമുസ് ഇനി അമേരിക്ക കൈകാര്യം ചെയ്യുമെന്ന് പ്രസിഡൻ്റ് ഡോണൾഡ് ട്രംപ് വ്യക്തമാക്കി.

ഇതിനുപിന്നാലെ മറുപടിയുമായി ഇറാനും രംഗത്തെത്തി. ഹോർമുസ്കൈകാര്യം ചെയ്യാൻ അമേരിക്കയെ അനുവദിക്കില്ലെന്നും ചെങ്കടലിൽ ബാബ് അൽ മന്ദബ് അടയ്ക്കുമെന്നും ഇറാൻ തിരിച്ചടിച്ചു. ഇന്ധന വിപണി തകരുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# സർക്കാർ സംവിധാനങ്ങളിൽ വിദേശ എഐ സുരക്ഷാ മോഡലുകൾ വേണ്ടെന്ന് ഐടി മന്ത്രാലയം

ന്യൂഡൽഹി: കേന്ദ്ര മന്ത്രാലയങ്ങളും സർക്കാർ വകുപ്പുകളും തങ്ങളുടെ സൈബർ സുരക്ഷാ പ്രവർത്തനങ്ങൾക്കായി ഓപ്പൺഎഐ, ആന്ത്രോപിക് തുടങ്ങിയ വിദേശ കമ്പനികളുടെ നിർമിതബുദ്ധി മോഡലുകൾ ഉപയോഗിക്കുന്നത് താത്കാലികമായി നിർത്തിവെക്കാൻ ഐടി മന്ത്രാലയത്തിന് കീഴിലുള്ള ഏജൻസി നിർദേശം നൽകി. സുരക്ഷാ ഭീഷണികളും ഡാറ്റാ സ്വകാര്യതയും കണക്കിലെടുത്താണ് ഈ സുപ്രധാന തീരുമാനം.

വിദേശ കമ്പനികളുടെ മോഡലുകളിൽ സർക്കാർ വിവരങ്ങൾ കൈമാറുമ്പോൾ അത്യാവശ്യമായ സുരക്ഷാ ഉറപ്പുകൾ ലഭിക്കുന്നില്ലെന്നാണ് മന്ത്രാലയം വ്യക്തമാക്കുന്നത്. തന്ത്രപ്രധാനമായ സർക്കാർ രേഖകൾ ഈ മോഡലുകൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നത് വിവരച്ചോർച്ചയ്ക്ക് ഇടയാക്കിയേക്കാമെന്നും നിർണായകമായ സൈബർ സുരക്ഷാ സംവിധാനങ്ങൾ വിദേശ അൽഗോരിതങ്ങളെ ആശ്രയിക്കുന്നത് രാജ്യത്തിൻ്റെ ഡിജിറ്റൽ പരമാധികാരത്തിന് ഭീഷണിയാണെന്നും സർക്കാർ കരുതുന്നു.

എഐ മോഡലുകൾക്ക് പിഴവുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ, അതീവ പ്രാധാന്യമുള്ള സൈബർ സുരക്ഷാ മേഖലകളിൽ ഇവ ഉപയോഗിക്കുന്നത് അപകടകരമാണെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്. വിദേശ മോഡലുകൾക്ക് പകരം തദ്ദേശീയമായി വികസിപ്പിച്ചെടുത്തതോ വിശ്വസനീയമായ സുരക്ഷാ സംവിധാനങ്ങളോ മാത്രം ഉപയോഗിക്കാനാണ് വകുപ്പുകളോട് ഐടി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുള്ളത്. സർക്കാർ ഡിജിറ്റൽ സംവിധാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള ഡിജിറ്റൽ ആക്രമണങ്ങളെ പ്രതിരോധിക്കാനുമാണ് മന്ത്രാലയം ഇത്തരമൊരു നിലപാട് സ്വീകരിച്ചത്. എഐ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനെതിരെയല്ല,



# വേദനയോടെ മടക്കം
# തലയുയർത്തിത്തന്നെ, ഫ്രഞ്ച് രാജകുമാരാ!

ഡാളസ്: സ്പെയിനിനോട് തോറ്റ് ഫ്രാൻസ് ലോകകപ്പിൽ നിന്ന് പുറത്തായപ്പോൾ, നിരാശയിലാണ്ടത് ഫ്രഞ്ച് ആരാധകർ മാത്രമല്ല, ലോകമെമ്പാടുമുള്ള കാൽപ്പന്ത് പ്രേമികളാണ്. ടൂർണമെൻറിലുടനീളം മാന്ത്രിക പ്രകടനങ്ങളുമായി ഫ്രാൻസിനെ മുന്നോട്ട് നയിച്ച കിലിയൻ എംബാപ്പെ എന്ന ക്യാപ്റ്റനും പോരാളിക്കും ഈ ലോകകപ്പ് വേദിയിലെ അവസാന മത്സരമായിരുന്നു ചൊവ്വാഴ്ചത്തേത്.

ഒരു ലോകകപ്പ് കിരീടം കൂടി ഫ്രാൻസിലേക്ക് എത്തിക്കുക എന്ന സ്വപ്നവുമായാണ് എംബാപ്പെ കളത്തിലിറങ്ങിയത്. ടൂർണമെൻറിലുടനീളം പ്രതിരോധക്കോട്ടകളെ കീറിമുറിച്ചുള്ള അദ്ദേഹത്തിൻറെ കുതിപ്പുകളും, എതിരാളികളുടെ വലകുലുക്കിയ നിമിഷങ്ങളും ഈ ലോകകപ്പിലെ ഏറ്റവും മനോഹരമായ കാഴ്ചകളായിരുന്നു.

സെമിഫൈനലിൽ സ്പെയിൻറെ ശക്തമായ പ്രതിരോധം ഭേദിക്കാൻ അവസാന നിമിഷം വരെ പൊരുതാൻ എംബാപ്പെ ശ്രമിച്ചു. എന്നാൽ മുന്നേറ്റങ്ങളൊന്നും ഗോളിലേക്കെത്തിയില്ല. സ്പെയിനിൻറെ രണ്ടു ഗോളിന് മറുപടിയില്ലാതെ ഫ്രഞ്ച് പട പുറത്താകുകയും ചെയ്തു.

ഈ ലോകകപ്പിലുടനീളം എട്ടു ഗോളുകളുമായി അർജൻറീനൻ ഇതിഹാസ താരം ലയണൽ മെസിയോട് പോരാടി ഗോളടി വീരന്മാരുടെ പട്ടികയിൽ ഒപ്പത്തിനൊപ്പം കുതിച്ച എംബാപ്പെയുടെ പ്രകടനം ഫുട്ബോൾ ചരിത്രത്തിലെ തന്നെ സുവർണ അധ്യായമാണ്. കളിക്കളത്തിൽ പ്രതിഭയും വേഗവും ഒരേപോലെ സമ്മേളിച്ച നിമിഷങ്ങൾക്കാണ് ആരാധകർ സാക്ഷ്യം വഹിച്ചത്. പ്രതിരോധ നിരകളെ നിഷ്പ്രഭമാക്കുന്ന വേഗമായിരുന്നു എംബാപ്പെയുടെ പ്രധാന ആയുധം. വിംഗുകളിലൂടെ പന്തുമായി അയാൾ നടത്തിയ കുതിപ്പുകൾ എതിരാളികളുടെ ബോക്സിൽ പരിഭ്രാന്തി സൃഷ്ടിച്ചു.

ഫ്രഞ്ച് പടയുടെ നായകനെന്ന നിലയിൽ ടീമിനെ മുന്നിൽ നിന്ന് നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ടീം പ്രതിസന്ധിയിലായ ഘട്ടങ്ങളിലെല്ലാം തനിയെ കളി തിരിച്ചുവിടാനുള്ള ഉത്തരവാദിത്തം എംബാപ്പെ ഏറ്റെടുത്തു.

കളിക്കളത്തിലെ ജയപരാജയങ്ങൾക്കപ്പുറം, ഒടുങ്ങാത്ത പോരാട്ടവീര്യം കൊണ്ടാണ് ഒരാൾ യഥാർഥ നായകനാകുന്നത്. കിരീടം കൈവിട്ടെങ്കിലും, ഈ ലോകകപ്പ് ഓർക്കപ്പെടുക എംബാപ്പെ എന്ന ഫുട്ബോൾ ലോകത്തെ ഈ യുവരാജാവിൻറെ അതിശയിപ്പിക്കുന്ന പ്രകടനങ്ങളുടെ പേരിൽകൂടിയായിരിക്കും. ലോകകപ്പ് വേദികളിൽ അദ്ദേഹം അവശേഷിപ്പിച്ച പോരാട്ടത്തിൻറെയും നിശ്ചയദാർഢ്യത്തിൻറെയും അടയാളങ്ങൾ ഒരിക്കലും മാഞ്ഞുപോകില്ല. നന്ദി എംബാപ്പെ, മൈതാനത്തെ ആ ആവേശ നിമിഷങ്ങൾക്ക്!

### മിക്സ്ചർ കഴിക്കുന്നതിനിടെ കടല തൊണ്ടയിൽ കുടുങ്ങി; മൂന്ന് വയസുകാരൻ മരിച്ചു

മലപ്പുറം: മിക്സ്ചറിലെ കടല തൊണ്ടയിൽ കുടുങ്ങി മൂന്ന് വയസുകാരന് ദാരുണാന്ത്യം. കുന്നുംപുറം ചെങ്ങാനി കാരാട്ടാലുങ്ങൽ വെല്ലക്കാടൻ മുനീറിൻറെ മകൻ മുഹമ്മദ് റിസാൻ ആണ് തുടർന്ന് മരിച്ചത്.

കഴിഞ്ഞ തിങ്കളാഴ്ചയായിരുന്നു സംഭവം. വീട്ടിൽ വച്ച് മിക്സ്ചർ കഴിക്കുന്നതിനിടെ കടല തൊണ്ടയിൽ കുടുങ്ങുകയായിരുന്നു. ശ്വാസതടസം നേരിട്ട കുട്ടിയെ വീട്ടുകാർ ഉടൻ തന്നെ കുന്നുംപുറത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

### ക്വട്ടേഷൻ

ഫിഷറീസ് വകുപ്പ് തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ ട്രോൾബാൻ കാലയളവിനു ശേഷം (2026 ജൂലൈ 31 അർധ രാത്രി മുതൽ 2027 ജൂൺ 9 അർധ രാത്രി വരെ) കടൽ പട്രോളിംഗിനും കടൽ രക്ഷാ പ്രവർത്തനങ്ങൾക്കുമായി 9.9 എച്ച്പി., 25 എച്ച് പി., എഞ്ചിനുകൾ വീതം ഘടിപ്പിച്ചിട്ടുള്ള രണ്ട് ഫൈബർ വള്ളങ്ങൾ വാടക വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജൂലൈ 17 രാവിലെ 10.30 ന് മുമ്പ് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭിക്കണം. അന്നേ ദിവസം രാവിലെ 11ന് തദവസരത്തിൽ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കും. കൂടുതൽ വിവരങ്ങൾക്ക് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0471-2481118, 0471-2480335, 9496007035.

# ഇ20 പെട്രോൾ, എൻഡിഎ വോട്ടർമാർ പോലും എതിരെന്ന് സീ വോട്ടർ സർവേ

ന്യൂഡൽഹി: കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഇ20 എഥനോൾ പെട്രോൾ ഉപയോഗത്തോട് ഭൂരിഭാഗം ഉപഭോക്താക്കൾക്കും എതിർപ്പ്. സിവോട്ടർ നടത്തിയ പുതിയ സർവേയിലാണ് ഇക്കാര്യം വ്യക്തമായത്. എൻഡിഎ വോട്ടർമാരിൽ പോലും 53 ശതമാനം പേർ തങ്ങളുടെ വാഹനങ്ങളിൽ ഇ20 ഉപയോഗിക്കാൻ താത്പര്യപെടുന്നില്ല.

ഇ20 പെട്രോൾ ഉപയോഗിക്കുന്നത് വാഹനങ്ങളുടെ മൈലേജ് കുറയ്ക്കുമെന്നും എൻജിന് തകരാറുകൾ വരുത്തുമെന്നും ജനങ്ങൾ ഭയപ്പെടുന്നു. സാധാരണ പെട്രോളും എഥനോൾ കലർത്തിയ പെട്രോളും ഒരേസമയം ലഭ്യമാക്കണമെന്നാണ് 76 ശതമാനം പേരും ആവശ്യപ്പെടുന്നത്. കുറഞ്ഞ വിലയ്ക്ക് ഇ20 ലഭിച്ചാലും 40.8 ശതമാനം പേർ മാത്രമേ അത് ഉപയോഗിക്കാൻ തയ്യാറുള്ളൂ. വേണ്ടത്ര ഗവേഷണമില്ലാതെയാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് 60 ശതമാനത്തോളം പേരും വിശ്വസിക്കുന്നു. മതിയായ വിവരങ്ങൾ സർക്കാർ നൽകുന്നില്ലെന്നും പരാതിയുണ്ട്. പഴയ വാഹനങ്ങളിൽ ഇ20 നിർബന്ധമാക്കുന്നത് അനീതിയാണെന്ന് 56.3 ശതമാനം പേർ അഭിപ്രായപ്പെടുന്നു.

# ഗ്രഹാം സ്റ്റെയിൻസ് കൊലപാതകം: പ്രതി ദാരാ സിംഗിനെ വിട്ടയക്കാൻ നീക്കം; 'നല്ല നടപ്പ്' പരിഗണനയിൽ

ന്യൂഡൽഹി: ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസിനെയും മക്കളായ ഫിലിപ്പ്, തിമോത്തി എന്നിവരെയും കൊലപ്പെടുത്തിയ കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന രവീന്ദ്ര പാൽ എന്ന ദാരാ സിംഗിനെ മോചിപ്പിക്കാൻ നീക്കം.

ജയിലിലെ 'നല്ല നടപ്പിൻറെ' അടിസ്ഥാനത്തിൽ ദാരാ സിംഗിനെ വിട്ടയക്കാൻ ഒഡീഷ സ്റ്റേറ്റ് സെൻറൻസ് റിവ്യൂ ബോർഡ് ശിപാർശ ചെയ്തു. 26 വർഷമായി ദാരാ സിംഗ് ജയിൽ ശിക്ഷ അനുഭവിച്ചു വരികയാണ്. കഴിഞ്ഞ ജൂലൈ ആദ്യം ചേർന്ന റിവ്യൂ ബോർഡ് യോഗത്തിലാണ് ഇദ്ദേഹത്തിൻറെ മോചനത്തിനുള്ള ശിപാർശ അംഗീകരിച്ചത്. കേസ് മുൻപ് ബോർഡ് മാറ്റിവെച്ചിരുന്നു. ദാരാ സിംഗിൻറെ സ്വദേശമായ ഉത്തർപ്രദേശിലെ ഔറയ്യ ജില്ലയിലെ അധികാരികളിൽ നിന്ന് പുതുക്കിയ റിപ്പോർട്ട് ലഭിക്കുന്നതിനായി നടപടികൾ വൈകുകയായിരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ച ശേഷമാണ് ഇപ്പോൾ മോചനത്തിന് വഴിയൊരുങ്ങിയത്.

1999 ജനുവരി 22ന് കിയോഞ്ജാർ ജില്ലയിലെ മനോഹർപൂരിലാണ് സംഭവം നടന്നത്. ഗ്രഹാം സ്റ്റെയിൻസും മക്കളായ ഫിലിപ്പും തിമോത്തിയും തങ്ങളുടെ വാഹനത്തിൽ ഉറങ്ങിക്കൊണ്ടിരിക്കെ, ദാരാ സിംഗിൻറെ നേതൃത്വത്തിലുള്ള സംഘം വാഹനം പുറത്തുനിന്ന് പൂട്ടി തീകൊളുത്തുകയായിരുന്നു. മതം മാറ്റം ആരോപിച്ച് നടത്തിയ ഈ കൊലപാതകം ആഗോളതലത്തിൽ വലിയ പ്രതിഷേധത്തിനാണ് കാരണമായത്.

സംഭവത്തിൽ 51 പേരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഇതിൽ സിബിഐ കോടതി ദാരാ സിംഗ് ഉൾപ്പെടെയുള്ളവരെ ശിക്ഷിച്ചു. ഒഡീഷ ഹൈക്കോടതി ചിലരുടെ വധശിക്ഷ ജീവപര്യന്തമായി ഇളവുചെയ്തിരുന്നു. ദാരാ സിംഗ് ഇപ്പോൾ കിയോഞ്ജാർ ജില്ലാ ജയിലിലാണ് കഴിയുന്നത്. ഇദ്ദേഹത്തിൻറെ മോചനം സാധ്യമായാൽ, സ്റ്റെയിൻസ് വധക്കേസിൽ ശിക്ഷിക്കപ്പെട്ടവരായി ആരും ജയിലിൽ ഉണ്ടാകില്ല. ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ തുടർന്നുള്ള നടപടികൾ നിർണായകമായിരിക്കും.

# കശുവണ്ടി അഴിമതി കേസ്: കോടതിയലക്ഷ്യ ഹർജി വീണ്ടും പരിഗണിക്കും

കൊച്ചി: കശുവണ്ടി വികസന കോർപ്പറേഷൻ അഴിമതിയുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ ഹർജി ഇന്ന് വീണ്ടും ഹൈക്കോടതി പരിഗണിക്കും. പ്രോസിക്യൂഷന് അനുമതി നൽകിയ വിവാദ ഉത്തരവിൽ കെ. ബിജു ഐഎഎസ് ചൊവ്വാഴ്ച പുതിയ മാപ്പപേക്ഷ സമർപ്പിച്ചിരുന്നു.

വേണ്ടത്ര ശ്രദ്ധയോ ആലോചനയോ വിവേചനബുദ്ധിയോ ഇല്ലാതെയാണ് ആദ്യ ഉത്തരവ് പുറപ്പെടുവിച്ചതെന്നും അതിനാൽ ആ ഉത്തരവിൽ ഒരിക്കലും ഉൾപ്പെടുത്താൻ പാടില്ലാത്ത ചില നിരീക്ഷണങ്ങൾ കടന്നുകൂടാൻ ഇടയായെന്നും പുതിയ സത്യവാങ്മൂലത്തിൽ പറയുന്നുണ്ട്. പുതിയ ഉത്തരവ് മനസിരുത്തിയാണ് പുറപ്പെടുവിച്ചിരിക്കുന്നതെന്നും ആദ്യ ഉത്തരവിലെ അപകീർത്തികരമായ പ്രസ്താവനകൾക്ക് മാപ്പു പറയുന്നതായും കെ. ബിജു വ്യക്തമാക്കി.

നേരത്തെ കോടതിയലക്ഷ്യവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നേരിട്ടു ഹാജരായി മാപ്പപേക്ഷ നൽകിയിരുന്നെങ്കിലും ശരിയായ രീതിയിലല്ല മാപ്പപേക്ഷ തയാറാക്കിയിരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടി ജസ്റ്റിസ് എ. ബദറുദീൻ ഇത് സ്വീകരിച്ചിരുന്നില്ല. തുടർന്നാണ് വീണ്ടും മാപ്പപേക്ഷ നൽകിയത്.

കശുവണ്ടി ഇറക്കുമതി അഴിമതി കേസിലെ മുഖ്യ പ്രതിയായ ഐഎൻടിയുസി നേതാവ് ആർ.ചന്ദ്രശേഖരൻ, കശുവണ്ടി വികസന കോർപറേഷൻ മുൻ മാനേജിംഗ് ഡയറക്ടർ കെ.എ.രതീഷ് എന്നിവരെ പ്രോസിക്യൂട്ട് ചെയ്യാൻ സിബിഐക്ക് അനുമതി നൽകുന്നതിൽ പുറത്തിറക്കിയ ഉത്തരവാണ് കോടതിയലക്ഷ്യ നടപടികളിലേക്ക് നീങ്ങിയത്.

### അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയും തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയും ചേർന്ന് നടത്തുന്ന 'ഡിപ്ലോമ ഇൻ മോളിക്കുലർ വൈറോളജി അന്റ് അനലിറ്റിക്കൽ ടെക്നിക്സ്' കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

ലൈഫ് സയൻസ് വിഷയങ്ങളിൽ ബിരുദം, ബി.ടെക്/എം.ടെക് ബയോടെക്നോളജി, ബി.വി.എസ്.സി, എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9495999741.

# യുഎസ് എഴുത്തുകാരിയെ ബലാത്സംഗം ചെയ്ത കേസ്; 54 കോടി നഷ്ടപരിഹാരം നൽകി ട്രംപ്

1990കളുടെ മധ്യത്തിൽ ന്യൂയോർക്കിലെ ആഡംബര ഡിപ്പാർട്ട്മെൻറ് സ്റ്റോറിലെ ഡ്രെസിംഗ് റൂമിൽവച്ച് ഡോണൾഡ് ട്രംപ് തന്നെ ബലാത്സംഗം ചെയ്തുവെന്നാണ് എഴുത്തുകാരി ജീൻ കരോളിൻറെ വെളിപ്പെടുത്തൽ.

ന്യൂയോർക്ക്: അമേരിക്കൻ എഴുത്തുകാരി ഇ. ജീൻ കരോളിനെ ലൈംഗികാതിക്രമത്തിന് ഇരയാക്കിയ കേസിൽ നഷ്ടപരിഹാരം കൈമാറി പ്രസിഡൻറ് ഡോണൾഡ് ട്രംപ്. 54 കോടിയിലേറെ രൂപയാണ് ട്രംപ് പരാതിക്കാരിക്കു കൈമാറിയത്.

ട്രംപിനെതിരായ ലൈംഗികാതിക്രമ, അപകീർത്തി കേസിൽ 2023ൽ കോടതി വിധിച്ച നഷ്ടപരിഹാരമാണിത്. ട്രംപിൻറെ ശക്തമായ എതിർപ്പുകൾ തള്ളിക്കൊണ്ട്, കഴിഞ്ഞ ദിവസം കരോളിൻറെ അഭിഭാഷകരുടെ അക്കൗണ്ടിലേക്കു തുക മാറ്റിയതെന്ന് കോടതി രേഖകൾ വ്യക്തമാക്കുന്നു.

2023ലെ കോടതി വിധി അനുശാസിക്കുന്ന അഞ്ചു മില്യൺ ഡോളറും അതിൻറെ പലിശയും ചേർത്താണ് ഇപ്പോൾ 5.63 (ഏകദേശം 54.1 കോടി രൂപ) കൈമാറിയിരിക്കുന്നത്. കഴിഞ്ഞ മാസം അമേരിക്കൻ സുപ്രീം കോടതി ട്രംപിൻറെ അപ്പീൽ നിരസിച്ചതോടെയാണ് തുക കരോളിനു നൽകാൻ യുഎസ് ഡിസ്ട്രിക്റ്റ് ജഡ്ജി ലൂയിസ് കപ്ലാൻ അനുമതി നൽകിയത്. തുക കൈമാറുന്നത് തടയാൻ ട്രംപിൻറെ അഭിഭാഷകർ അവസാന നിമിഷം വരെ അടിയന്തര ഉത്തരവുകൾക്കായി ശ്രമിച്ചെങ്കിലും കോടതി അതു നിരസിക്കുകയായിരുന്നു.

ട്രംപ് കുറ്റക്കാരനാണെന്ന് ഒൻപതംഗ ജൂറി ഒരുപോലെ വിധിച്ച കേസാണിതെന്നും, നീണ്ട കാത്തിരിപ്പിനൊടുവിൽ അർഹമായ നഷ്ടപരിഹാരം കരോളിനു ലഭിച്ചതിൽ സന്തോഷമുണ്ടെന്നും അവരുടെ അഭിഭാഷക പ്രസ്താവനയിലൂടെ അറിയിച്ചു.

1990കളുടെ മധ്യത്തിൽ ന്യൂയോർക്കിലെ ആഡംബര ഡിപ്പാർട്ട്മെൻറ് സ്റ്റോറിലെ ഡ്രെസിംഗ് റൂമിൽവച്ച് ട്രംപ് തന്നെ ബലാത്സംഗം ചെയ്തുവെന്നാണ് എഴുത്തുകാരി കൂടിയായ ജീൻ കരോൾ വെളിപ്പെടുത്തിയത്. തുടർന്ന് 2019ൽ തൻറെ പുസ്തകത്തിലൂടെ ഈ വിവരം പുറത്തുവിട്ടപ്പോൾ, ട്രംപ് ഇതിനെ പരസ്യമായി നിഷേധിക്കുകയും തന്നെ അപകീർത്തിപ്പെടുത്തുകയും ചെയ്തുവെന്ന് ചൂണ്ടിക്കാട്ടിയാണ് അവർ കോടതിയെ സമീപിച്ചത്. ആരോപണങ്ങൾ പൂർണമായും വ്യാജമാണെന്നും പുസ്തകം വിറ്റഴിക്കാനുള്ള ശ്രമത്തിൻറെ ഭാഗമാണിതെന്നുമായിരുന്നു ട്രംപിൻറെ വാദം. അതേസമയം, ട്രംപ് തുടർന്നും അപ്പീലുകളുമായി മുന്നോട്ടുപോകുമെന്ന് അദ്ദേഹത്തിൻറെ നിയമവിദഗ്ധർ അറിയിച്ചിട്ടുണ്ട്.

# തട്ടിപ്പുനടത്തി മുങ്ങിയ ഭാര്യയെ കണ്ടെത്താൻ ചെലവഴിച്ചത് 18 കോടി
## 9 വർഷത്തെ തെരച്ചിലിനൊടുവിൽ പിടിയിൽ

ബീജിംഗ്: വിശ്വാസവഞ്ചനകാണിച്ച്, കോടികൾ തട്ടി മുങ്ങിയ ഭാര്യയെ കണ്ടെത്താൻ ചൈനീസ് വ്യവസായി ചെലവഴിച്ചത് 18 കോടിയിലേറെ രൂപ! അന്വേഷണത്തിൻറെ ഒൻപതാം വർഷമാണ് ചൈനീസ് കോടീശ്വരന് തട്ടിപ്പുകാരിയെ അമേരിക്കയിൽനിന്നു പിടികൂടാനായത്. ചൈനയിലെ ഷെൻഷെൻ സ്വദേശിയായ നിക്ഷേപകൻ ലി പിംഗ് ആണ് തൻറെ മുൻഭാര്യ ഷാംഗിനെ കണ്ടെത്താനായി വർഷങ്ങൾ നീണ്ട നിയമപോരാട്ടവും തെരച്ചിലും നടത്തിയത്. ഒടുവിൽ അമേരിക്കയിൽ പിടിയിലായ വനിതയ്ക്ക് കോടതി 65 വർഷത്തെ കഠിന തടവ് വിധിച്ചു.

തനിക്കു സംഭവിച്ചത്, സോഷ്യൽ മീഡിയയിൽ പങ്കുവച്ച വീഡിയോയിൽ ലി പിംഗ് വിശദീകരിച്ചു. പതിനഞ്ച് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ജൂൺ 30ന് ആണ് ലി പങ്കുവയ്ക്കുന്നത്. ലക്ഷക്കണക്കിന് ആളുകളാണ് വീഡിയോ കണ്ടത്. പതിനായിരക്കണക്കിന് പ്രതികരണങ്ങളാണ് ലഭിച്ചത്.

തന്നേക്കാൾ 11 വയസ് പ്രായക്കുറവുള്ള ഷാംഗുമായി 2015ലാണ് ലി പിംഗ് വിവാഹിതനാകുന്നത്. എന്നാൽ വിവാഹത്തിൻറെ തൊട്ടടുത്ത ദിവസം ലി സഞ്ചരിച്ച കാറിൻറെ ബ്രേക്ക് തകരാറിലാകുകയും അപകടത്തിൽപ്പെടുകയും ചെയ്തു. ഇതിനുപിന്നാലെ, കോടിക്കണക്കിനു രൂപയും കോടികൾ വിലമതിക്കുന്ന വസ്തുക്കളുടെ രേഖകളുമായി ഷാംഗ് നാടുവിടുകയായിരുന്നു. ഹോങ്കോംഗ് വഴി അമേരിക്കൻ നഗരമായ ലോസ് ആഞ്ചലസിൽ എത്തി വ്യാജരേഖകൾ ചമച്ച് താമസിക്കുകയായിരുന്നു.

പിന്നീട് നടത്തിയ അന്വേഷണത്തിലാണ് വിവാഹപ്പിറ്റേന്നുണ്ടായ വാഹനാപകടം ഷാംഗും കൂട്ടാളികളും ചേർന്ന് ആസൂത്രണം ചെയ്തതാണെന്ന് ലി തിരിച്ചറിയുന്നത്. തന്നെ കൊലപ്പെടുത്തി തൻറെ സ്വത്തു മുഴുവൻ ഭാര്യയെന്ന നിലയിൽ കൈക്കലാക്കുകയായിരുന്നു അവരുടെ ലക്ഷ്യമെന്ന് ലി വ്യക്തമാക്കി. പണം മാത്രം തട്ടിയെടുത്തു പോയതാണെങ്കിൽ താൻ ഉപേക്ഷിക്കുമായിരുന്നു. എന്നാൽ തന്നെ കൊലപ്പെടുത്താൻ ശ്രമിച്ചതുകൊണ്ടാണ് എത്ര പണം ചെലവാക്കിയും അവളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ തീരുമാനിച്ചതെന്നും ലി പിംഗ് വീഡിയോയിൽ പറഞ്ഞു.

ഭാര്യയായതിനാൽ ആദ്യഘട്ടത്തിൽ ചൈനയിൽ കേസ് മുന്നോട്ടുകൊണ്ടുപോകാൻ ലി ഏറെ ബുദ്ധിമുട്ടിയിരുന്നു. എന്നാൽ 2020ൽ ചൈനീസ് കോടതി ഇവരുടെ വിവാഹം റദ്ദാക്കുകയും ഷാംഗിൻറെ പേരിലാക്കിയ ഫ്ലാറ്റുകൾ ലിയ്ക്ക് തിരികെ നൽകുകയും ചെയ്തു. തുടർന്ന് യുഎസിൽ നടത്തിയ അന്വേഷണത്തിലാണ് ഇവർ പിടിയിലാകുന്നത്. സാമ്പത്തിക തട്ടിപ്പ്, അനധികൃത കുടിയേറ്റം, മനുഷ്യക്കടത്ത്, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ തുടങ്ങി 23ഓളം കുറ്റകൃത്യങ്ങൾ ചുമത്തിയാണ് കാലിഫോർണിയ കോടതി ഷാംഗിനെ 65 വർഷത്തെ തടവിനു ശിക്ഷിച്ചത്.

### ആസാം സ്വദേശിയെ കഴുത്തറുത്ത് കൊലപ്പെടുത്തി; സഹോദരി ഭർത്താവ് കസ്റ്റഡിയിൽ

കണ്ണൂർ: കുടിയാന്മലയിൽ അതിഥി തൊഴിലാളിയെ കഴുത്തറുത്ത് കൊലപ്പെടുത്തി. ആസാം സ്വദേശി ഫിലിപ്പാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഇയാളുടെ സഹോദരി ഭർത്താവ് രമേശനെ പോലീസ് കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്ത് വരികയാണ്. കെട്ടിട നിർമാണവുമായി ബന്ധപ്പെട്ടാണ് ഫിലിപ്പും രമേശനും അടക്കമുള്ളവർ കണ്ണൂരിൽ എത്തിയത്. നേരത്തെ തന്നെ ഇരുവരും തമ്മിൽ കുടുബപ്രശ്നങ്ങൾ ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസം രാത്രിയിൽ ഇരുവരും തമ്മിൽ മദ്യപാനത്തിനിടെ തർക്കമുണ്ടാകുകയും ഫിലിപ്പിനെ രമേശൻ വെട്ടിക്കൊലപ്പെടുത്തുകയുമായിരുന്നു. സ്ഥലത്ത് എത്തിയ പോലീസ് രമേശിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

# പാവകളി കലയിലെ വിസ്മയം; പത്മശ്രീ മൂഴിക്കൽ പങ്കജാക്ഷി അന്തരിച്ചു

കോട്ടയം: പ്രശസ്ത നോക്കുവിദ്യ പാവകളി കലാകാരിയും പത്മശ്രീ പുരസ്കാര ജേതാവുമായ മൂഴിക്കൽ പങ്കജാക്ഷി (പങ്കജാക്ഷി അമ്മ) അന്തരിച്ചു. ഇന്ന് രാവിലെ കൂത്താട്ടുകുളത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു. കോട്ടയം ജില്ലയിലെ മോനിപ്പള്ളി സ്വദേശിനിയാണ്.

പരമ്പരാഗത പാവകളി കലാരൂപത്തിന് നൽകിയ സമാനതകളില്ലാത്ത സംഭാവനകൾ പരിഗണിച്ചാണ് 2020ൽ രാജ്യം പത്മശ്രീ നൽകി ഇവരെ ആദരിച്ചത്. ഫോക് ലോർ അക്കാദമിയുടെ അവാർഡും ഫെല്ലോഷിപ്പും ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. കേരള ടൂറിസത്തിൻറെ ഔദ്യോഗിക വെബ്സൈറ്റിലും ഈ പങ്കജാക്ഷി അമ്മയെക്കുറിച്ചുള്ള ആദരസൂചകമായ പരാമർശങ്ങളുണ്ട്.

പതിനൊന്നാം വയസ് മുതൽ പാവകളി രംഗത്ത് സജീവമായിരുന്ന പങ്കജാക്ഷി അമ്മ, ഫ്രാൻസ് ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ ഈ പരമ്പരാഗത കലാരൂപം അവതരിപ്പിച്ച് അന്താരാഷ്ട്ര ശ്രദ്ധ നേടിയിരുന്നു. പാവകളി കലാകാരന്മാരായിരുന്ന മാതാപിതാക്കളിൽ നിന്നാണ് ഈ കലയുടെ ആദ്യപാഠങ്ങൾ അഭ്യസിച്ചത്. നോക്കുവിദ്യ പാവകളി എന്ന അപൂർവ കലയെ വരുംതലമുറയ്ക്കായി നിലനിർത്തുന്നതിൽ ഇവർ നിർണായക പങ്കുവഹിച്ചു.

### സ്പോട്ട് അഡ്മിഷൻ

കോളേജ് ഓഫ് എൻജിനീയറിങ് തിരുവനന്തപുരം (സി.ഇ.ടി) 2026-27 അധ്യയന വർഷത്തേയ്ക്ക് നടത്തുന്ന ബി.ടെക് (വർക്കിംഗ് പ്രൊഫഷണൽസ്) സായാഹ്ന കോഴ്സുകളിൽ (മെക്കാനിക്കൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്) ഏതാനും ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എൽ.ബി.എസ് സെന്റർ നടത്തിയ ലാറ്ററൽ എൻട്രി ടെസ്റ്റ് (വർക്കിംഗ് പ്രൊഫഷണൽസ്) പരീക്ഷ യോഗ്യത നേടിയതും അന്തിമ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഡിപ്ലോമ / ബി എസ് സി ഡിഗ്രീ അനുബന്ധ രേഖകളുമായി ജൂലൈ 21ന് രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന സ്പോട്ട് അഡ്മിഷന് ഹാജരാകണം. 0471 2998391, 9447205324, 9809276363.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികളുടെ മൃതദേഹങ്ങൾ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചപ്പോൾ മന്ത്രിമാരായ സി പി ജോണും പി സി വിഷ്ണുനാഥും അന്തിമോപചാരം അർപ്പിക്കുന്നു

# ലൈംഗികാതിക്രമ കേസുകൾ; ജഡ്ജിമാരുടെ അനാസ്ഥ വെച്ചുപൊറുപ്പിക്കില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ലൈംഗികാതിക്രമ കേസുകളിൽ ജഡ്ജിമാർ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ച് സുപ്രീംകോടതിയുടെ രൂക്ഷ വിമർശനം. പാറ്റ്ന ഹൈക്കോടതി പുറപ്പെടുവിച്ച ഒരു വിവാദ ഉത്തരവിനെത്തുടർന്നാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട ബെഞ്ച് ഹൈക്കോടതിയെ രൂക്ഷമായി വിമർശിച്ചത്. ഒരു സ്ത്രീയുടെ വസ്ത്രം നീക്കം ചെയ്യുകയും ശരീരഭാഗങ്ങളിൽ സ്പർശിക്കുകയും ചെയ്യുന്നത് ബലാത്സംഗ ശ്രമമായി കണക്കാക്കാൻ കഴിയില്ലെന്ന പാറ്റ്ന ഹൈക്കോടതിയുടെ നിരീക്ഷണമാണ് സുപ്രീംകോടതിയെ ചൊടിപ്പിച്ചത്.

ലൈംഗികാതിക്രമ കേസുകളിൽ ജഡ്ജിമാർ പാലിക്കേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ 'നാഷണൽ ജുഡീഷ്യൽ അക്കാദമി'യുടെ റിപ്പോർട്ട് സുപ്രീംകോടതിയുടെയും എല്ലാ ഹൈക്കോടതികളുടെയും വെബ്സൈറ്റുകളിൽ അപ്‌ലോഡ് ചെയ്യാൻ ചീഫ് ജസ്റ്റിസ് നിർദേശിച്ചു. ഈ വിഷയത്തിൽ ജഡ്ജിമാർ വേണ്ടത്ര ഗവേഷണം നടത്തുന്നില്ലെന്നും കേസുകൾ കൈകാര്യം ചെയ്യുമ്പോൾ വലിയ അനാസ്ഥയാണ് കാണിക്കുന്നതെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് നിരീക്ഷിച്ചു.

2008ലെ ഒരു കേസിലായിരുന്നു പാറ്റ്ന ഹൈക്കോടതിയുടെ വിവാദ നിരീക്ഷണം. ഒരു ഫോട്ടോഗ്രാഫി സ്റ്റുഡിയോയിൽ വെച്ച് അതിക്രമത്തിന് ഇരയായ സ്ത്രീയുടെ കേസിൽ, പ്രതിയെ ബലാത്സംഗക്കുറ്റത്തിൽ നിന്ന് ഹൈക്കോടതി ഒഴിവാക്കിയിരുന്നു. വൈദ്യപരിശോധനാ റിപ്പോർട്ടുകളുടെ അഭാവവും വ്യക്തമായ തെളിവുകളില്ലാത്തതുമാണ് പ്രതിയെ കുറ്റവിമുക്തനാക്കാൻ കാരണമായി ഹൈക്കോടതി ചൂണ്ടിക്കാട്ടിയത്. ഈ പ്രവൃത്തി ബലാത്സംഗശ്രമമല്ല, മറിച്ച് സ്ത്രീത്വത്തെ അപമാനിക്കൽ മാത്രമാണെന്നും കോടതി നിരീക്ഷിച്ചിരുന്നു.

എഫ്ഐആർ രജിസ്റ്റർ ചെയ്യുമ്പോഴും കുറ്റപത്രം തയ്യാറാക്കുമ്പോഴും ഈ മാർഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് എല്ലാ പോലീസ് സ്റ്റേഷനുകൾക്കും നിർദേശം നൽകാൻ സംസ്ഥാനങ്ങളോട് സുപ്രീംകോടതി ആവശ്യപ്പെട്ടു. ലൈംഗിക കുറ്റകൃത്യങ്ങളെ ലഘൂകരിച്ചുകാണുന്ന പ്രവണത ജുഡീഷ്യറിയിൽ ഉണ്ടാകാൻ പാടില്ലെന്ന് സുപ്രീംകോടതി കർശനമായി ഓർമിപ്പിച്ചു.

# 18ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി–ഹ്രസ്വചിത്രമേള സെപ്റ്റംബർ 25 മുതൽ 30 വരെ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 18–ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി–ഹ്രസ്വചിത്രമേള (IDSFFK) 2026 സെപ്റ്റംബർ 25 മുതൽ 30 വരെ തിരുവനന്തപുരത്ത് നടക്കുമെന്ന് ടൂറിസം, സാംസ്കാരിക, സിനിമാ വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥ് അറിയിച്ചു.

ഒക്ടോബർ 2 മുതൽ 7 വരെ മേള നടത്താനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ, സാങ്കേതിക സൗകര്യങ്ങളും സംഘാടക ക്രമീകരണങ്ങളും പരിഗണിച്ച് മേളയുടെ തീയതി പുനഃക്രമീകരിക്കുകയായിരുന്നു. എല്ലാ ഫെസ്റ്റിവൽ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി സെപ്റ്റംബർ 25 മുതൽ 30 വരെ മേള സംഘടിപ്പിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

ഡോക്യുമെന്ററി, ഹ്രസ്വചിത്രങ്ങൾക്കായി ഇന്ത്യയിൽ ഒരു സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഏക രാജ്യാന്തര ചലച്ചിത്രമേള എന്ന സവിശേഷത IDSFFKക്കുണ്ട്. പുതുമയാർന്ന ചലച്ചിത്രഭാഷകൾക്കും സാമൂഹിക പ്രതിബദ്ധതയുള്ള സിനിമകൾക്കും നവതലമുറ ചലച്ചിത്ര പ്രവർത്തകർക്കും അന്താരാഷ്ട്ര വേദിയൊരുക്കുന്നതിൽ ഈ മേള ശ്രദ്ധേയമായ പങ്കാണ് വഹിച്ചുവരുന്നത്.

കളടഎഎഗയുടെ ഏറ്റവും വലിയ അന്താരാഷ്ട്ര അംഗീകാരങ്ങളിലൊന്നാണ് ഓസ്കാർ ക്വാളിഫയിങ് ഫെസ്റ്റിവൽ എന്ന പദവി. ഈ മേളയിൽ പുരസ്കാരം നേടുന്ന ഡോക്യുമെന്ററി ചിത്രങ്ങൾക്ക് അക്കാദമി അവാർഡുകളുടെ (ഓസ്കാർ) മത്സരത്തിലേക്ക് നേരിട്ട് പരിഗണിക്കപ്പെടാനുള്ള അർഹത ലഭിക്കുന്നതിനാൽ ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രവർത്തകരുടെ ശ്രദ്ധ ആകർഷിക്കുന്ന വേദിയായി കളടഎഎഗ മാറിയിട്ടുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

ഈ വർഷത്തെ മേളയിലേക്ക് 1,741 എൻട്രികൾ ലഭിച്ചിട്ടുണ്ട്. ഇന്ത്യയുടെയും വിദേശരാജ്യങ്ങളുടെയും വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഈ എൻട്രികളിൽ നിന്ന് മത്സരവിഭാഗം, മത്സരേതര വിഭാഗം, മലയാളം മത്സരേതര വിഭാഗം എന്നിവയിലേക്കുള്ള മികച്ച ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സിനിമകളുടെ മൂല്യനിർണയത്തിനും തിരഞ്ഞെടുപ്പിനുമായി ലോംഗ് ഡോക്യുമെന്ററി, ഷോർട്ട് ഡോക്യുമെന്ററി, ഷോർട്ട് ഫിക്ഷൻ, അനിമേഷൻ, മ്യൂസിക് വീഡിയോ, ക്യാമ്പസ് ഫിലിംസ് (ഇന്റർനാഷണൽ) എന്നീ വിഭാഗങ്ങളിലായി പ്രത്യേക സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സുതാര്യവും അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതുമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ മികച്ച സൃഷ്ടികളെയാണ് മേളയിലേക്ക് തിരഞ്ഞെടുക്കുക.

മത്സരവിഭാഗത്തിലെ ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ, അനിമേഷൻ, മ്യൂസിക് വീഡിയോ, ക്യാമ്പസ് ഫിലിം, ഹോമേജ്, ഇന്റർനാഷണൽ ഫിലിംസ്, ഫെസ്റ്റിവൽ വിന്നേഴ്സ്, ജൂറി ഫിലിംസ് തുടങ്ങി മുപ്പതോളം വിഭാഗങ്ങളിലായി 300–ഓളം ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും.

ഡോക്യുമെന്ററി രംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ച് നൽകുന്ന ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഈ മേഖലയിലെ പ്രമുഖ വ്യക്തിത്വത്തിന് മേളയിൽ സമ്മാനിക്കും.

തിരുവനന്തപുരം കൈരളി, ശ്രീ, നിള തിയേറ്ററുകളിലായി ആറു ദിവസം നീണ്ടുനിൽക്കുന്ന മേളയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രദർശന സൗകര്യങ്ങൾ, പ്രതിനിധി സേവനങ്ങൾ, അക്കാദമിക് പരിപാടികൾ, അതിഥി പങ്കാളിത്തം എന്നിവ ഉൾപ്പെടെ എല്ലാ ഒരുക്കങ്ങളും പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

## ഭിക്ഷ യാചിച്ച് കടയിലെത്തിയ യുവാവ് കവർന്നത് 1.5 ലക്ഷത്തിന്റെ ഫോൺ

ബംഗളൂരു: കർണാടകയിലെ ബെളഗാവിയിൽ ഭിക്ഷക്കാരന്റെ വേഷത്തിലെത്തിയ യുവാവ് മൊബൈൽ ഷോപ്പിൽ നിന്ന് ഒന്നര ലക്ഷത്തോളം രൂപ വിലവരുന്ന ഫോൺ കവർന്നു. ബെളഗാവി നഗരത്തിലെ ഗോവസ് പ്രദേശത്തുള്ള മൊബൈൽ ഷോപ്പിലാണ് സംഭവം നടന്നത്.

ഭിക്ഷ ചോദിച്ചാണ് പ്രതി കടയ്ക്കുള്ളിൽ പ്രവേശിച്ചത്. തുടർന്ന് ജീവനക്കാരുടെ ശ്രദ്ധതിരിച്ച് വിലകൂടിയ ഫോണുമായി കടന്നുകളയുകയായിരുന്നു. പിന്നീട് ഫോൺ കാണാതായതിനെ തുടർന്ന് ജീവനക്കാർ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോഴാണ് മോഷണവിവരം പുറത്തറിഞ്ഞത്. പ്രതി ഫോൺ മോഷ്ടിക്കുന്ന ദൃശ്യങ്ങൾ സിസിടിവിയിൽ പതിഞ്ഞിട്ടുണ്ട്.

സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് പ്രതിയെ തിരിച്ചറിയാനും കണ്ടെത്താനുമുള്ള ശ്രമത്തിലാണ് പോലീസ്.

# വൃത്തിഹീനമായ സാഹചര്യം: മുംബൈയിലെ പ്രമുഖ ഹോട്ടലുകൾക്ക് പൂട്ട് വീണു

മുംബൈ: വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യുന്നവെന്ന് കണ്ടെത്തിയതിനെ തുടർന്ന് മുംബൈയിലെ പ്രശസ്തമായ മൂന്ന് ഹോട്ടലുകൾ പൂട്ടി. മാനദണ്ഡങ്ങളിൽ കടുത്ത ലംഘനങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ തെളിഞ്ഞതിനെ തുടർന്നാണ് അടിയന്തര നടപടി. മുംബൈ നഗരത്തിലെ ഏറ്റവും ജനപ്രിയ ഭക്ഷണശാലകളായ ഷാലിമാർ, നൂർ മുഹമ്മദി, ഉമർ ഖഡിയിലെ റഹ്മാനിയ എന്നീ ഹോട്ടലുകൾക്കെതിരെയാണ് അധികൃതർ നടപടിയെടുത്തത്.

കഴിഞ്ഞ ദിവസം മുംബൈയിലെ പ്രശസ്തമായ കെ. റുസ്തം ഐസ്ക്രീം പാർലറും സമാനമായ രീതിയിൽ നിയമലംഘനങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് പൂട്ടിപ്പിച്ചിരുന്നു. ഇതിന് പിന്നാലെയാണ് പ്രമുഖ ഹോട്ടലുകൾക്കെതിരെയുള്ള കർശന നടപടികളുമായി അധികൃതർ മുന്നോട്ട് പോകുന്നത്. പരിശോധനകളുടെ ഭാഗമായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 40,000 ലിറ്ററിലധികം മായം ചേർത്ത പാൽ കണ്ടെത്തി. പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ വരും ദിവസങ്ങളിലും പരിശോധന കർശനമാക്കാനാണ് അധികൃതരുടെ തീരുമാനം.

ഇതിന് പുറമെ മരുന്ന് നിർമാണ കമ്പനികളിലും കർശന പരിശോധന നടത്തുന്നുണ്ട്. പ്രമുഖ മരുന്ന് നിർമാണ കമ്പനിയായ കാഡിലായുടെ രണ്ടരക്കോടി രൂപ മൂല്യം വരുന്ന ഗുളികൾ ഉദ്യോഗസ്ഥർ പിടികൂടി. യഥാർഥ മരുന്നുകളുടെ സമാനമായ പേരിലും പാക്കറ്റിലും വ്യത്യസ്തമായ മരുന്ന് വിപണിയിൽ ഇറക്കിയതിനെതിരെയാണ് നടപടി. വരും ദിവസങ്ങളിലും പരിശോധനകൾ ശക്തമായി തുടരുമെന്ന് അധികൃതർ വ്യക്തമാക്കി.

## ചീഫ് ജസ്റ്റിസിനെതിരെ മുദ്രാവാക്യം വിളിച്ച നിയമവിദ്യാർത്ഥികൾ അറസ്റ്റിൽ

ന്യൂഡൽഹി: സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റിസിനെതിരെ അപകീർത്തികരമായി സംസാരിക്കുകയും കോടതി നടപടികൾ തടസപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ ലക്നോ സർവകലാശാലയിലെ രണ്ട് നിയമവിദ്യാർത്ഥികൾ അറസ്റ്റിൽ. പ്രബൽ പ്രതാപ് സിംഗ്, ചന്ദർ ഭാൻ എന്നിവരാണ് പിടിയിലായത്. ഇവർ യഥാക്രമം മൂന്നാം വർഷം, രണ്ടാം വർഷം നിയമവിദ്യാർത്ഥികളാണ്.

ചീഫ് ജസ്റ്റിസിനെതിരെ മുദ്രാവാക്യം വിളിക്കുകയും മോശമായി പെരുമാറുകയും ചെയ്തതോടെയാണ് സുപ്രീംകോടതി പരിസരത്ത് വലിയ ബഹളമുണ്ടായത്. കോടതിയുടെ പ്രവർത്തനം തടസപ്പെടുത്തിയതിനും സുപ്രീംകോടതിയുടെ അന്തസ്സിന് കളങ്കമേൽപ്പിക്കുന്ന രീതിയിൽ പെരുമാറിയതിനുമാണ് ഇവർക്കെതിരെ നടപടി സ്വീകരിച്ചത്. സുരക്ഷാ ഉദ്യോഗസ്ഥർ ഉടൻ തന്നെ സ്ഥലത്തെത്തി ഇരുവരെയും കസ്റ്റഡിയിലെടുക്കുകയും ഡൽഹി പോലീസിന് കൈമാറുകയുമായിരുന്നു. നിയമവിദ്യാർത്ഥികളായിരുന്നിട്ടും കോടതിയുടെ മര്യാദകൾ ലംഘിച്ചുള്ള ഇവരുടെ നടപടി വലിയ വിമർശനങ്ങൾക്ക് കാരണമായിട്ടുണ്ട്. കോടതിയലക്ഷ്യം ഉൾപ്പെടെയുള്ള വകുപ്പുകൾ ഇവർക്കെതിരെ ചുമത്തിയേക്കുമെന്നാണ് സൂചന.

# വാക്ക് പാലിച്ച് സുവേന്ദു സർക്കാർ, പശ്ചിമ ബംഗാളിൽ അതിർത്തി വേലിക്കെട്ടാൻ ആയിരം ഏക്കർ

കോൽക്കത്ത: ഇന്ത്യ ബംഗ്ലാദേശ് അതിർത്തിയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി 1,025 ഏക്കർ ഭൂമി ബോർഡർ സെക്യൂരിറ്റി ഫോഴ്സിന് കൈമാറി പശ്ചിമ ബംഗാൾ സർക്കാർ. അധികാരമേറ്റ് 65 ദിവസത്തിനുള്ളിൽ സർക്കാർ കൈക്കൊണ്ട നിർണായകമായ നടപടിയാണിതെന്ന് മുഖ്യമന്ത്രി സുവേന്ദു അധികാരി വ്യക്തമാക്കി. അതിർത്തിയിലെ നുഴഞ്ഞുകയറ്റം തടയുന്നതിനായി വേലി കെട്ടുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

സാമൂഹിക മാധ്യമത്തിലൂടെയാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്. 172.6 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന 1,024.75 ഏക്കർ ഭൂമിയാണ് കൈമാറിയിരിക്കുന്നത്. ഒൻപത് ജില്ലകളിലായാണ് ബിഎസ്എഫിനായി ഭൂമി വിട്ടുനൽകിയത്. ഇതിൽ മുർഷിദാബാദ് ജില്ലയിലാണ് ഏറ്റവും കൂടുതൽ ഭൂമി (337 ഏക്കർ) കൈമാറിയത്. ജൽപൈഗുരിയിലാണ് ഏറ്റവും കുറവ് ഭൂമി കൈമാറിയത് (2.17 ഏക്കർ).

മുൻ സർക്കാർ അതിർത്തി വേലിക്കെട്ടുന്നതിന് ആവശ്യമായ ഭൂമി കൈമാറാൻ വിമുഖത കാണിച്ചിരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നേരത്തെ ആരോപിച്ചിരുന്നു. എന്നാൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്ന് 65 ദിവസത്തിനുള്ളിൽ 1,000 ഏക്കറിലധികം ഭൂമി ബിഎസ്എഫിന് കൈമാറി ഈ പ്രതിസന്ധിക്ക് പരിഹാരം കണ്ടു. അതിർത്തി സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാരിന്റെ എല്ലാ സഹായവും തുടരുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# യൂസർ ഫീ കുടിശിക ചോദിച്ചു; ഹരിതകർമസേനാംഗങ്ങളായ ദമ്പതികളെ മർദിച്ചെന്ന് പരാതി

കൊച്ചി: ഹരിതകർമസേനയിൽ പ്രവർത്തിക്കുന്ന ദമ്പതികളെ യുവാവ് മർദിച്ചതായി പരാതി. കൊച്ചി കലൂർ ഫ്രീഡം റോഡിൽ മാലിന്യശേഖരണത്തിനെത്തിയ ഹരിതകർമ സേനാംഗങ്ങളായ സിജോ വർഗീസ്, ഭാര്യ എന്നിവർക്ക് നേരെയാണ് അതിക്രമമുണ്ടായത്. സംഭവത്തിൽ ഷാജഹാൻ എന്ന യുവാവിനെതിരെ ദമ്പതികൾ പോലീസിൽ പരാതി നൽകി.

മാലിന്യം ശേഖരിക്കുന്നതിനായി വീടുകളിൽ നിന്ന് ഈടാക്കുന്ന 200 രൂപയുടെ യൂസർ ഫീ കുടിശിക ചോദിച്ചെത്തിയപ്പോഴാണ് തർക്കമുണ്ടായത്. ഇവിടെയുള്ള ഇരുനില വീടിന്റെ താഴത്തെ നിലയിൽ താമസിക്കുന്ന കുടുംബം തുക നൽകാൻ കഴിയില്ലെന്ന് അറിയിച്ചു.

തുടർന്ന് ഇവർ മുകളിലത്തെ നിലയിൽ താമസിക്കുന്ന ഷാജഹാന്റെ കുടുംബത്തിൽ നിന്നും 200 രൂപ വാങ്ങി ഹരിതകർമ സേനാംഗങ്ങൾക്ക് നൽകി. ഈ തുകയുമായി മടങ്ങാൻ തുടങ്ങുന്പോൾ മുകൾനിലയിൽ നിന്നിറങ്ങി വന്ന ഷാജഹാൻ തങ്ങളെ മർദിക്കുകയായിരുന്നുവെന്ന് സിജോ വർഗീസ് പറഞ്ഞു. ആക്രമണത്തിൽ കഴുത്തിനും കൈയ്ക്കും പരിക്കേറ്റ സിജോ എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സ തേടി. സംഭവത്തിൽ കസബ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും പോലീസ് ഇതുവരെ നടപടിയെടുക്കാൻ തയാറായിട്ടില്ലെന്ന് ആക്ഷേപമുണ്ട്. കേസ് ഒത്തുതീർപ്പാക്കാനാണ് പോലീസ് ശ്രമിക്കുന്നതെന്നും കുടുംബം ആരോപിച്ചു.

അതേസമയം, ഹരിതകർമസേനാംഗങ്ങളായ ദമ്പതികൾ തങ്ങളുടെ വീട്ടിൽ അതിക്രമിച്ചു കയറിയെന്ന് ആരോപിച്ച് താഴത്തെ നിലയിൽ താമസിക്കുന്ന കുടുംബവും പോലീസിൽ പരാതി നൽകിയിട്ടുണ്ട്. ഹരിതകർമസേനാംഗങ്ങളെ മർദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും, അല്ലാത്ത പക്ഷം കടുത്ത പ്രതിഷേധവുമായി രംഗത്തിറങ്ങുമെന്നും കൗൺസിലർ പ്രജിത്ത് വ്യക്തമാക്കി.

## വയനാട്ടിലെ വിദ്യാർഥിയുടെ മരണം; അപകടകാരണം മരത്തിലിടിച്ചത്

വയനാട്: സുൽത്താൻ ബത്തേരിയിൽ റോഡരികിൽ പരിക്കേറ്റ നിലയിൽ കണ്ടെത്തിയ വിദ്യാർഥിയുടെ മരണം സൈക്കിൾ അപകടത്തെത്തുടർന്നാണെന്ന് പോലീസ് സ്ഥിരീകരിച്ചു. സൈക്കിൾ നിയന്ത്രണം വിട്ട് മരത്തിലിടിച്ചാണ് അപകടമുണ്ടായതെന്ന് അന്വേഷണത്തിൽ വ്യക്തമായി. പുൻകുഴി കാട്ടുനായ്ക്ക ഉന്നതിയിലെ ബിനു ചിക്കി ദമ്പതികളുടെ മകൻ മനു ആണ് മരിച്ചത്.

ചൊവ്വാഴ്ച വൈകുന്നേരം 6.30ഓടെയായിരുന്നു അപകടം. റോഡരികിൽ ഗുരുതരമായി പരിക്കേറ്റ നിലയിൽ കണ്ടെത്തിയ മനുവിനെ നാട്ടുകാർ ഉടൻ തന്നെ ബത്തേരി താലൂക്ക് ആശുപത്രിയിൽ എത്തിച്ചതെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കുട്ടിയെ മറ്റേതെങ്കിലും വാഹനമോ വ്യക്തിയോ ഇടിച്ചിട്ടതാകാമെന്ന രീതിയിൽ ചില സംശയങ്ങൾ ഉയർന്നിരുന്നു.

# മൂന്ന് കോടി നൽകിയാൽ മന്ത്രിപദം; എംഎൽഎയ്ക്ക് വ്യാജ ഫോൺ സന്ദേശം; പോലീസിൽ പരാതി നൽകി


കോഴിക്കോട്: പണം നൽകിയാൽ സംസ്ഥാന മന്ത്രിസഭയിൽ അംഗമാക്കാമെന്ന വാഗ്ദാനവുമായി എലത്തൂർ എംഎൽഎ വിദ്യ ബാലകൃഷ്ണന് വ്യാജ ഫോൺ സന്ദേശം. സംസ്ഥാന മന്ത്രിസഭാ പുനഃസംഘടന ഉടൻ ഉണ്ടാകുമെന്നും മൂന്ന് കോടി രൂപ നൽകിയാൽ മന്ത്രിയാക്കാമെന്നുമായിരുന്നു വാട്സാപ്പ് കോൾ വിളിച്ച ആൾ പറഞ്ഞത്.

വയനാട് എംപിയുടെ ഓഫീസിൽ നിന്നാണെന്ന വ്യാജേനയാണ് തട്ടിപ്പുകാരൻ സംസാരിച്ചത്. സംഭവത്തിൽ എംഎൽഎ സൈബർ സെല്ലിൽ പരാതി നൽകി. ഈ മാസം ആറിനാണ് വിദ്യ ബാലകൃഷ്ണന് ദുരൂഹമായ വാട്സാപ്പ് കോൾ ലഭിച്ചത്. വയനാട് എംപി പ്രിയങ്ക ഗാന്ധിയുടെ ഓഫീസിൽ നിന്നാണ് വിളിക്കുന്നതെന്നും രാജ്കുമാർ എന്നാണ് പേരെന്നുമാണ് തട്ടിപ്പുകാരൻ പരിചയപ്പെടുത്തിയത്.

കേരളത്തിലെ ഒരു എംപിയാണ് വിദ്യ ബാലകൃഷ്ണന്റെ ഫോൺ നമ്പർ നൽകിയതെന്നും അയാൾ അവകാശപ്പെട്ടു. എന്നാൽ തട്ടിപ്പ് മണത്തറിഞ്ഞ എംഎൽഎ, പണം നൽകാമെന്ന് തട്ടിപ്പുകാരനോട് സമ്മതിച്ചു.

തുടർന്ന്, തട്ടിപ്പുകാരൻ പറഞ്ഞ എംപിയെ വിദ്യ ബാലകൃഷ്ണൻ നേരിട്ട് വിളിച്ച് കാര്യങ്ങൾ തിരക്കി. എഐസിസി ആസ്ഥാനത്ത് നിന്നാണെന്ന് പറഞ്ഞ് ഒരാൾ തന്നെ ബന്ധപ്പെട്ടിരുന്നുവെന്നും ജില്ലയിലെ രണ്ട് എംഎൽഎമാരുടെ നമ്പർ കൈമാറിയിരുന്നുവെന്നും ഈ എംപി സ്ഥിരീകരിച്ചു.

ഇതോടെ സംശയം ബലപ്പെട്ട ഇരുവരും വയനാട് എംപിയുടെ ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ടു. ഓഫീസിൽ നിന്ന് അത്തരം കോളുകളൊന്നും പോയിട്ടില്ലെന്ന് വ്യക്തമായതോടെയാണ് ഈ മാസം 11ന് എംഎൽഎ സൈബർ സെല്ലിനെ സമീപിച്ചത്. പ്രാഥമിക അന്വേഷണത്തിൽ ഡൽഹിയിൽ നിന്നാണ് വ്യാജ കോൾ വന്നതെന്ന് സൈബർ സെൽ കണ്ടെത്തിയിട്ടുണ്ട്. പ്രതിയെ കണ്ടെത്താനുള്ള അന്വേഷണം പോലീസ് ഊർജ്ജിതമാക്കിയിട്ടുണ്ട്.



അതിവേഗ റെയിൽ പദ്ധതിയെക്കുറിച്ചുള്ള വിദഗ്ധ സമിതി റിപ്പോർട്ട് ഗതാഗത വകുപ്പ് സെക്രട്ടറി ടി വി അനുപമ മുഖ്യമന്ത്രി വി ഡി സതീശന് കൈമാറുന്നു